## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഇരുപത്തൊൻപതാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഇരുപത്തൊൻപതാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006, 2006-2007 വർഷങ്ങളിലെ
സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ
ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട
ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

42/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 40 |
| അനുബന്ധം II : സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 58 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2014-2016)-യുടെ ഇരുപത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2005-06, 2006-07 വർഷങ്ങളിലെ) ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 നവംബർ മാസം 26-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 17.

# റിപ്പോർട്ട്

പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## കൊടുമൺ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

(2003-2004 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-16)

ഗ്രാമപഞ്ചായത്തുകൾ കുടുംബശ്രീ പദ്ധതിക്ക് ചെലവ് കാണിച്ച ലക്ഷങ്ങളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശങ്ങൾ:—

2003-2004-ലെ കുടുംബശ്രീ പദ്ധതികൾക്കായി 17,56,000 രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബന്ധപ്പെട്ട വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളുന്ന ഖണ്ഡിക നമ്പർ 2.9.1(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. 2002-03-ൽ രജിസ്റ്റർ ചെയ്ത 43 കുടുംബശ്രീ യൂണിറ്റുകൾക്ക് ഫണ്ട് നൽകിയെങ്കിലും പ്രവർത്തന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച വിഷയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരിശോധനയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർക്ക് നാല് പ്രാവശ്യം നോട്ടീസ് നല്കിയെങ്കിലും അദ്ദേഹം എല്ലാ രേഖകളും ഹാജരാക്കിയിരുന്നില്ലെന്നും ഭരണവകുപ്പിന്റെ നിർദ്ദേശപ്രകാരം പഞ്ചായത്ത് അഡീഷണൽ ഡയറക്ടറും പെർഫോമൻസ് ഓഡിറ്റ് ഓഫീസറും നടത്തിയ ഓഡിറ്റിൽ 17,56,000 രൂപയുടെ ഓഡിറ്റ് പരാമർശത്തിൽ കുടുംബശ്രീയുടെ ചാർജ്ജ് ഓഫീസറായിരുന്ന വി.ഇ.ഒ.യുടെ കാലത്തെ 2,63,000 രൂപയുടെ വൗച്ചറുകളൊഴികെയുള്ള തുകയുടെ രേഖകളെല്ലാം ഹാജരാക്കിയിരുന്നെന്നും കൊടുമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

2. രേഖകൾ സജ്ജമാക്കിയിട്ടുണ്ടെന്നാണ് ഗവൺമെന്റ് നൽകിയ മറുപടിയിൽ പറയുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ചാർജ്ജ് ഓഫീസറായിരുന്ന വി.ഇ.ഒ. എന്തുകൊണ്ടാണ് അവ ഹാജരാക്കാതിരുന്നതെന്നും അദ്ദേഹം ഈ യോഗത്തിൽ ഹാജരായിട്ടുണ്ടോ എന്നുമുള്ള ചോദ്യത്തിന്, യോഗത്തിൽ ഹാജരാകുവാൻ അദ്ദേഹത്തിന് നോട്ടീസ് നൽകിയെങ്കിലും ഹാജരായിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

3. മതിയായ കാരണങ്ങളില്ലാതെ ഫയലുകൾ ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തുകൊണ്ട് നടപടി എടുത്തില്ല എന്നും രേഖകൾ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ എന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് നടപടി എടുക്കണം എന്നാവശ്യപ്പെട്ട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ എ.ഡി.സി. (ജനറൽ)-ന് കത്തയച്ചിരുന്നെന്നും എന്നാൽ

എ.ഡി.സി. (ജനറൽ) നടപടി എടുത്തില്ലെന്നും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. ടി ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും എ.ഡി.സി. നടപടി എടുത്തില്ലെങ്കിൽ ഗവൺമെന്റ് തലത്തിൽ തന്നെ നടപടി എടുക്കാമെന്നും തദ്ദേശസ്വയംഭരണ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി. ഈ വിഷയത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടിയും റവന്യൂ റിക്കവറി നടപടിയും സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

4. **2003-2004-ലെ കുടുംബശ്രീ പദ്ധതികൾക്കായി 17,56,000 രൂപ ചെലവഴിച്ചതായും എന്നാൽ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബന്ധപ്പെട്ട വൗച്ചർ എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട ചാർജ്ജ് ഓഫീസറോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ സജ്ജമായിട്ടുണ്ടെന്ന് കുടുംബശ്രീ ഓഫീസർ അറിയിച്ച വിവരം 17-11-2008-ാം തീയതിയിലെ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതായി സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ആയത് സംബന്ധിച്ച യാതൊരു മറുപടിയും സമിതിക്ക് ലഭ്യമായിട്ടില്ല. സമിതി യോഗത്തിൽ ഹാജരായി തെളിവ് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ യോഗത്തിൽ ഹാജരാകുകയുണ്ടായില്ല. പരാമർശവിധേയനായ ചാർജ്ജ് ഓഫീസർക്കെതിരെ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തപക്ഷം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയുണ്ടായി. പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്കനടപടിയും തുക ഈടാക്കാനായി റവന്യൂ റിക്കവറി നടപടിയും സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗണപതിക്കുളം പുനരുദ്ധാരണം എസ്റ്റിമേറ്റിൽ അപാകത**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-4)

ശക്തിമംഗലം ഗണപതിക്കുളം പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം 26,637 രൂപയുടെ നഷ്ടം.

അടൂർ താലൂക്കിൽ ഉൾപ്പെട്ട കൊടുമൺ ഗ്രാമപഞ്ചായത്തിൽ അർഹമായ നിരക്കിനേക്കാൾ 26,637 രൂപ അധികമായി നൽകിയതിനാലാണ് ഈ നഷ്ടം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.14.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. ശക്തിമംഗലം ഗണപതിക്കുളം പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലമുണ്ടായ നഷ്ടത്തെക്കുറിച്ചും ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളത്തിന് ഫണ്ട് കിട്ടിയതെങ്ങനെയെന്നും സമിതി ആരാഞ്ഞു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പഞ്ചായത്തിന് ഫണ്ട് ലഭിച്ചതെന്ന് കൊട്ടമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പദ്ധതി നടത്തിപ്പിന് ഒരു ഏജൻസി എന്ന നിലയിൽ പഞ്ചായത്തിന് ഇങ്ങനെ ഫണ്ട് നൽകാറുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും അറിയിച്ചു.

6. നഷ്ടപ്പെട്ട തുക തിരിച്ചു പിടിക്കാൻ ഒന്നും ചെയ്യാത്തതിനെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, രണ്ട് താലൂക്കിലെ റേറ്റുകൾ തമ്മിലുള്ള അന്തരമായിരുന്നു അപാകതയെന്നും ബന്ധപ്പെട്ട എഞ്ചിനീയറിൽനിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് അദ്ദേഹത്തിന്റെ മേലധികാരികൾക്ക് നോട്ടീസ് നൽകിയെങ്കിലും അത് ഈടാക്കാത്ത തിനാൽ റവന്യൂ റിക്കവറി നടപടിക്കായി കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

7. ഓഡിറ്റ് നിരീക്ഷണത്തിന്മേൽ നോട്ടീസ് നൽകുവാൻ കാലതാമസം നേരിട്ടത് സംബന്ധിച്ചുള്ള ചോദ്യത്തിന്, അന്നുതന്നെ മേലധികാരിക്കും 2008-ൽ ബന്ധപ്പെട്ട എഞ്ചിനീയർക്കും നോട്ടീസ് നൽകിയിരുന്നെന്ന് അറിയിക്കുകയും ടി നോട്ടീസും ആയതിന് പ്രസ്തുത എഞ്ചിനീയർ നൽകിയ മറുപടിയും പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വായിച്ചു കേൾപ്പിക്കുകയും ചെയ്തു.

പ്രസ്തുത വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ സമിതി മുമ്പാകെ താഴെപ്പറയുന്ന വിവരങ്ങൾ നൽകി:

8. തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് സംവിധാന മില്ലാതിരുന്ന കാലഘട്ടത്തിലാണ് ഈ വർക്ക് നടന്നതെന്നും അപ്പോൾ കെ.ഐ.പി.യുടെ എഞ്ചിനീയറും ഓവർസിയറും എം. ഐ. സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് കളക്ടറുടെ നിർദ്ദേശപ്രകാരം അവിടത്തെ ജോലികൾ ചെയ്തിരുന്ന തെന്നും ഡി.ആർ.ഡി.എ., ദേവസ്വം ബോർഡ്, പി.ഡബ്ല്യു.ഡി. എന്നിവയിലൊക്കെ ആക്ച്വൽ കൺവേയൻസാണ് നിലവിലിരുന്നതെന്നും ശക്തിമംഗലം ഗണപതിക്കുളം പദ്ധതി, കളക്ടറുടെ ദുരിതാശ്വാസ ഫണ്ട് എക്സിക്യൂട്ട് ചെയ്യാൻ എടുത്തിരുന്ന റേറ്റും ആക്ച്വൽ കൺവേയൻസിലായിരുന്നെന്നും ഒരേ ഏജൻസി തന്നെ ചെയ്യുന്ന വർക്കായതുകൊണ്ടും ഐഡന്റിക്കലായ ഒരു റേറ്റ് വേണമെന്ന് പറഞ്ഞതുകൊണ്ടും കളക്ടറുടെ നിർദ്ദേശപ്രകാരവുമാണ് ഈ റേറ്റിൽ എസ്റ്റിമേറ്റ് നൽകിയതെന്നും അതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അസ്വാഭാവികമായി യാതൊന്നും സംഭവിച്ചിട്ടില്ലെന്നും ഈ ഓഡിറ്റ് പരാമർശത്തിന്റെ പേരിൽ ഓഫീസർമാരിൽനിന്നും തുക ഈടാക്കുന്ന നടപടി ശരിയല്ലെന്നും മുൻ അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

9. ഈ വിശദീകരണം ഡിപ്പാർട്ടുമെന്റും ഓഡിറ്റും അംഗീകരിച്ചിട്ടില്ലാത്ത പശ്ചാത്തലത്തിലാണ് റവന്യൂ റിക്കവറി നടപടി ആവശ്യമായി വന്നതെന്ന സമിതിയുടെ നിരീക്ഷണത്തിന് ഒരു എഞ്ചിനീയറിംഗ് സംവിധാനം വരുന്നതിന് മുമ്പ് വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെയും എഞ്ചിനീയർമാർ മുഖേനയാണ് എസ്റ്റിമേറ്റ് എടുത്തിരുന്നതെന്നും എ.ഇ. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അതിനു മുകളിൽ രണ്ട് തലങ്ങളിൽ ഉള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിച്ച ശേഷമാണ് വർക്ക് നടത്തിയിരുന്നതെന്നും ചില സ്ഥലങ്ങളിൽ കൺവേയൻസ് ആക്ച്വലും ചിലയിടങ്ങളിൽ ശരാശരി റേറ്റുമാണ് കൊടുത്തിരുന്നതെന്നും എസ്റ്റിമേറ്റ് പരിശോധിച്ച ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച റേറ്റാണിതെന്നും അതിനാൽ ഇത് അംഗീകരിക്കാവുന്നതാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. ഈ വിശദീകരണം സർക്കാർ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടില്ലെന്നും ആയത് ലഭ്യമാകുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശം സമിതി അംഗീകരിച്ചു.

സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27968/എഡി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നൽകിയ മറുപടി പുറമെ ചേർക്കുന്നു:

10. ടി പദ്ധതിയിലെ എഞ്ചിനീയറായ ശ്രീ. എസ്. മധുകുമാർ 9-2-2012 തീയതി രേഖപ്പെടുത്തി ബഹു. സർക്കാരിലേക്ക് വിശദീകരണം നൽകിയിട്ടുണ്ട്. ടിയാന്റെ വിശദീകരണത്തിന്റെയും ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ടിയാനെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

11. **ശക്തിമംഗലം ഗണപതിക്കളം പുനരുദ്ധാരണത്തിന് അർഹമായ നിരക്കിനേക്കാൾ 26,637 രൂപ അധികമായി നൽകിയതായ പരാമർശത്തിനു കാരണം രണ്ടു താലൂക്കുകളിലെ റേറ്റുകൾ തമ്മിലുള്ള അന്തരമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് സംവിധാനം ഇല്ലാതിരുന്ന കാലഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ വകുപ്പിന്റെയും എഞ്ചിനീയർമാർ മുഖേനയാണ് എസ്റ്റിമേറ്റ് എടുത്തിരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചില സ്ഥലങ്ങളിൽ കൺവേയൻസ് ആക്ച്വലും ചിലയിടങ്ങളിൽ ശരാശരി റേറ്റുമാണ് കൊടുത്തിരുന്നത് എന്നും എസ്റ്റിമേറ്റ് പരിശോധിച്ച ടെക്നിക്കൽ കമ്മിറ്റി ആയത് അംഗീകരിച്ചിരുന്നെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യമായി. എന്നാൽ സർക്കാർ തലത്തിൽ മേൽനടപടികൾക്കായി ഇക്കാര്യങ്ങൾ വിശദീകരിക്കപ്പെട്ടിരുന്നില്ലെന്നു നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സർക്കാർ മുമ്പാകെ സമർപ്പിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.**

**12. ഓഡിറ്റ് പരാമർശത്തിന് വിധേയനായ എഞ്ചിനീയറുടെ വിശദീകരണത്തിന്റെയും ആയതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ടിയാനെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചിരിക്കുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കാനുള്ള സർക്കാരിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഇക്കാര്യത്തിലുള്ള മേൽനടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് ലേലത്തുകയിൽ കുറവ്; 1.01 ലക്ഷം നഷ്ടം**

(2003-04 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2-4)

ഗ്രാമപഞ്ചായത്തിന്റെ ഇറച്ചി സ്റ്റാളുകൾ ഉൾപ്പെടെ മാർക്കറ്റിന്റെ 2004-2005-ലെ അവകാശം ലേലം ചെയ്ത് നൽകിയപ്പോൾ മുൻവർഷത്തെ ലേലത്തുകയിൽ 1,01,170 രൂപയുടെ കുറവ് കാണുന്നു.

3 ഇറച്ചി സ്റ്റാളുകളുടെ അവകാശം, രണ്ട് ചന്തഗേറ്റ് ഫീസ് പിരിവ് അവകാശം എന്നിവയുടെ ലേലത്തുകയിൽ കുറവ് വന്നപ്പോൾ തുക വർദ്ധിപ്പിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിൽ ലേലം വരവ് വർദ്ധിച്ചു വരികയായിരുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.14.2.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. 2001-02 മുതൽ 2004-05 വരെ 4 വർഷങ്ങളിൽ മാർക്കറ്റ് ലേലം നടത്തിയതിൽ 2003-04-ൽ മാത്രമാണ് ലേലത്തുക കൂടിയതെന്നും ആയത് വാശിയോടെ ലേലം വിളിച്ചതിനാലാണെന്നും കൊടുമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 2004-05-ലെ കുറഞ്ഞ തുകയ്ക്ക് ലേലം വിളിച്ചതിനാൽ അംഗീകരിക്കാതെ പുനർലേലം നടത്തുകയും പുനർലേലത്തിലും കുറഞ്ഞ തുക വന്നപ്പോൾ ക്വട്ടേഷൻ നൽകാതെ ആ തുകയ്ക്ക് ലേലമുറപ്പിച്ച് നൽകി എന്ന വാദം നിയമപരമായി ശരിയാണോ എന്ന് സമിതി ആരാഞ്ഞു. 2004-05-ലെ ലേലത്തുക മറ്റ് വർഷങ്ങളിലെ ലേലത്തുകകളുമായി താരതമ്യം ചെയ്യുമ്പോൾ 2003-04 വർഷത്തെ ലേലത്തുകയിൽ മാത്രമാണ് വർദ്ധനവുണ്ടായിട്ടുള്ളതെന്നും അതിനുകാരണം ലേലത്തിൽ പങ്കെടുത്തവരുടെ അനാരോഗ്യകരമായ മത്സരമായിരുന്നെന്നും 2004-05 വർഷങ്ങളിൽ വീണ്ടും ക്വട്ടേഷൻ നടപടികളിലേക്ക് പോയാൽ തുക വർദ്ധിപ്പിക്കുകയില്ലെന്നുള്ള നിഗമനത്തിലാണ് ലേലം ഉറപ്പിച്ചു കൊടുത്തതെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

14. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ലേലം ഉറപ്പിക്കാമോ എന്നും ലേലത്തുക കുറവായാൽ ലേലം ഉറപ്പിക്കുകയാണോ ക്വട്ടേഷൻ വിളിക്കുകയാണോ നിയമപരമായി ചെയ്യേണ്ടതെന്നും സമിതി ആരാഞ്ഞു. 2004-05-ൽ രണ്ടു തവണ ലേലം നടത്തിയെന്നും ആദ്യലേലത്തിൽ തുക കുറവായതിനാൽ രണ്ടാമതും ലേലം നടത്തിയാണ് ലേലമുറപ്പിച്ചതെന്നും പുനർലേലം കഴിഞ്ഞാൽ ക്വട്ടേഷൻ വിളിക്കണമെന്ന നിയമ വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പുനർലേലത്തിൽ ആരും പങ്കെടുത്തില്ലെങ്കിൽ മാത്രമേ ക്വട്ടേഷൻ വിളിക്കാൻ പറ്റുകയുള്ളുവെന്നും എസ്.പി.എ.ഒ. സമിതിയിൽ വ്യക്തമാക്കി. ഉദ്യോഗസ്ഥർ നൽകിയ വിശദീകരണം സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

15. **ഗ്രാമപഞ്ചായത്തിന്റെ ഇറച്ചി സ്റ്റാളുകൾ, ചന്തഗേറ്റ് ഫീസ് പിരിവ് ഉൾപ്പെടെ മാർക്കറ്റിന്റെ 2004-05-ലെ അവകാശം ലേലം ചെയ്തതിൽ മുൻവർഷത്തെ ലേലത്തുകയേക്കാൾ 1,01,170 രൂപയുടെ കുറവു വന്നതായി സമിതി നിരീക്ഷിച്ചു. എന്നാൽ ആദ്യ ലേലത്തുക കുറവായതിനാൽ രണ്ടാമതും ലേലം നടത്തിയിരുന്നുവെന്നും അതിലും ലേലത്തുക വർദ്ധിക്കാത്തതിനാലാണ് ലേലമുറപ്പിച്ചതെന്നും പുനർലേലം കഴിഞ്ഞാൽ ക്വട്ടേഷൻ വിളിക്കണമെന്ന വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പുനർലേലത്തിൽ ആരും പങ്കെടുക്കുന്നില്ലെങ്കിൽ മാത്രമേ ക്വട്ടേഷൻ ക്ഷണിക്കുവാൻ കഴിയുകയുള്ളുവെന്നും 2003-04-ലെ ലേലത്തിൽ പങ്കെടുത്തവർ തമ്മിലുള്ള മത്സരംമൂലമാണ് പ്രസ്തുത വർഷം കൂടുതൽ തുക ലേലത്തിൽ ലഭിച്ചതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.**

16. **2002-2003-ലേതിനേക്കാൾ ഇരട്ടിയിലധികം തുകയ്ക്കാണ് 2003-04-ൽ ലേലം വിളിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി 2004-05-ൽ 2001-02, 2002-03 എന്നീ വർഷങ്ങളിലേതിനേക്കാൾ ലേലത്തുക കുറഞ്ഞിട്ടില്ലെന്നും മറിച്ച് ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിലയിരുത്തുന്നു. ആയതിൽനിന്നും ഗ്രാമപഞ്ചായത്തിന്റെയും സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടെയും മറുപടി യുക്തിസഹമാണെന്നും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്ന തരത്തിൽ ബോധപൂർവ്വമായ ഒരു ശ്രമവും പഞ്ചായത്തിന്റെയോ സെക്രട്ടറിയുടെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ഉദ്യോഗസ്ഥരുടെ വിശദീകരണം പരിഗണിക്കപ്പെടേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### കുടുംബശ്രീ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-11)

2002-2003-ൽ രജിസ്റ്റർ ചെയ്ത 43 കുടുംബശ്രീ യൂണിറ്റുകൾക്ക് 4,87,500 രൂപ റിവോൾവിംഗ് ഫണ്ട് നൽകിയെങ്കിലും യൂണിറ്റുകളുടെ തുടർപ്രവർത്തനരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.9.1(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. 2002-2003-ൽ രജിസ്റ്റർ ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകിയ 48,87,500 രൂപയുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും പ്രവർത്തന രേഖകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് അവകാശപ്പെട്ടതിനുശേഷം ആയത് പരിശോധനയ്ക്ക് ഹാജരാക്കാത്തത് എന്താണെന്ന സമിതിയുടെ ചോദ്യത്തിന് 48,87,500 രൂപ എന്നത് നോട്ടിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും 4,87,500 രൂപ എന്നാണ് ഓഡിറ്റ് റിപ്പോർട്ടിലുള്ളതെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് എസ്.ജി.എസ്.വൈ.-യുടെ മാനദണ്ഡങ്ങൾക്കനുസരിച്ചാണെന്നും തൊഴിൽ സംരംഭത്തിന്റെ രേഖകളും പ്രോജക്ട് റിപ്പോർട്ട്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകളും കൊണ്ടുവരുമ്പോൾ 50% സബ്സിഡിയായിട്ടാണ് തുക നൽകുന്നതെന്നും തന്റെ കാലഘട്ടത്തിൽ പ്രോജക്ടിനു വേണ്ടി 52,500 രൂപ ചെലവ് ചെയ്തതിന്റെ റിക്കോർഡുകളും യൂണിറ്റുകളുടെ തുടർപ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച ചാർജ്ജ് ഓഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർ ലോക്കൽ ഫണ്ട് ഓഡിറ്റിന് രേഖകൾ കൊടുക്കുന്നതിന് മുമ്പ് താൻ ട്രാൻസ്ഫറായി പോയെന്നും പഞ്ചായത്ത് സെക്രട്ടറി പറഞ്ഞു.

18. എല്ലാ കുടുംബശ്രീ യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് നൽകിയ തുക തിരിച്ചു പിടിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും കുടുംബശ്രീകൾക്ക് വേണ്ടി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ഇപ്പോൾ സജീവമാണോ എന്നും സമിതി ആരാഞ്ഞപ്പോൾ മൂന്നോ നാലോ യൂണിറ്റുകളൊഴികെ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നതായും ചാർജ്ജ് ഓഫീസറുടെ റിപ്പോർട്ടും പരിശോധനാ റിപ്പോർട്ടും ലഭ്യമായിട്ടുണ്ടെന്നും കൊടുത്ത തുക തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും എടുത്തിട്ടില്ലെന്നും ബാങ്ക് അക്കൗണ്ടുകളെല്ലാം നിലവിലുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു

19. കുടുംബശ്രീ എന്നു പറയുന്നത് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമല്ലെന്നും അവർക്കൊരു ഫണ്ട് നൽകികഴിഞ്ഞാൽ അത് പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ പഞ്ചായത്തിന് കഴിയില്ലെന്നും ഇതിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ ഒരു ക്ലാർക്കിനെ ചാർജ്ജ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. എന്നല്ലാതെ പഞ്ചായത്ത് സെക്രട്ടറിക്ക് ഇതുമായി ബന്ധമില്ലെന്നും റിവോൾവിംഗ് ഫണ്ട് നൽകുന്നത് നോംസിന്റെ അടിസ്ഥാനത്തിലല്ലെങ്കിൽ മാത്രം പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി എടുക്കാമെന്നും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു ഫണ്ട് നൽകികഴിഞ്ഞാൽ കുടുംബശ്രീ യൂണിറ്റുകളുടെമേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ലെന്നും ഇതിനായി ഒരു സൊസൈറ്റി നിലവിലുണ്ടെന്നും സൊസൈറ്റിക്ക് ഒരു ഇന്റേണൽ കൺട്രോളും പ്രത്യേകമായി ഓഡിറ്റ് സംവിധാനവും ഉണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ കൂട്ടിച്ചേർത്തു.

20. മാർഗ്ഗരേഖകൾ ലംഘിച്ചാണ് തെരഞ്ഞെടുപ്പ് നടത്തിയതെന്ന നിരീക്ഷണ ത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞപ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുക്കുകയും റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തിട്ടുള്ളതെന്നും ഇതിനോടനുബന്ധിച്ചുള്ള എല്ലാ രേഖകളും സമിതിയുടെ പരിശോധനയ്ക്കായി കൊണ്ടുവന്നിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു ഈ റിപ്പോർട്ടുകളെല്ലാം പരിശോധിക്കണമെന്ന് ഗവൺമെന്റിനോട് സമിതി ആവശ്യപ്പെട്ടു.

21. സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27968/എബി1/07/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

22. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ 2002-03 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 2001-02 സ്പിൽ ഓവർ പദ്ധതിയിലെ 2,87,500 രൂപയും (12,500 രൂപ വീതം 23 കുടുംബശ്രീ യൂണിറ്റുകൾക്ക്) 2002-03-ലെ പദ്ധതി തുകയായ 2,00,000 രൂപയും (10,000X20 യൂണിറ്റുകൾക്ക്) കൂടി ആകെ 4,87,500 രൂപ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാനായി പദ്ധതി തയ്യാറാക്കുകയും ടി തുക വിതരണം ചെയ്യുകയും ചെയ്തു. ടി തുക കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വരുമാനദായക പ്രവൃത്തിയിൽ ഏർപ്പെടുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്നപക്ഷം റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കാൻ തയ്യാറാണെന്നും കുടുംബശ്രീ ചാർജ്ജ് ഓഫീസറായ വി.ഇ.ഒ. റിപ്പോർട്ട് നൽകിയിട്ടുള്ളതായി പത്തനംതിട്ട അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ ചില കുടുംബശ്രീകൾ കൃത്യമായി മിനിട്സ് എഴുതി പൂർത്തീകരിക്കുന്നില്ല എന്നത് ന്യൂനതയായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ലഭിച്ച തുക വിവിധ കുടുംബശ്രീ യൂണിറ്റുകളിലെ സ്ത്രീകളുടെ അഭിവൃദ്ധിക്കും സ്ത്രീശാക്തീകരണ പ്രവൃത്തികൾക്കും ഉപയോഗിച്ചതായാണ് വി.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഓഡിറ്റിൽ നിർദ്ദേശിച്ചവിധം വിശദമായ അന്വേഷണം നടത്തിയതിൽ സാമ്പത്തിക സഹായം കൈപ്പറ്റിയ മുഴുവൻ കുടുംബശ്രീ യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

**23. കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് എസ്.ജി.എസ്.വൈ.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായും തൊഴിൽ സംരംഭത്തിൽ രേഖകളും പ്രോജക്ട് റിപ്പോർട്ട്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകളും ഹാജരാക്കുമ്പോൾ 50% സബ്സിഡിയായിട്ടാണ് തുക നൽകേണ്ടതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ മാർഗ്ഗരേഖകൾ ലംഘിച്ചാണ് കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്തതെന്ന് നിരീക്ഷിച്ച സമിതി എല്ലാ രേഖകളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം സർക്കാർ നൽകിയ മറുപടിയിൽ 2002-03 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 2001-02 സ്പിൽ ഓവർ പദ്ധതിയിലെ 2,87,500 രൂപയും 2002-03-ലെ പദ്ധതി തുകയായ 2,00,000 രൂപയും ചേർത്ത് ആകെ 4,87,500 രൂപ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്തതായും തുക കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ സ്ത്രീകളുടെ അഭിവൃദ്ധിക്കും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകികൊണ്ട് വരുമാനദായക പ്രവൃത്തികളിൽ ഏർപ്പെടുന്നതായും ആവശ്യപ്പെടുന്നപക്ഷം റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കാൻ പര്യാപ്തമാണ് ടി യൂണിറ്റുകളെന്നും വി.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കുടുംബശ്രീ യൂണിറ്റുകളിൽ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന പ്രവണത ഉള്ളതായി സമിതി നിരീക്ഷിക്കുന്നു. സർക്കാർ ധനസഹായം കൈപ്പറ്റുന്ന എല്ലാ കുടുംബശ്രീ യൂണിറ്റുകളും മിനിട്സും മറ്റ് അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശവിധേയമായ എല്ലാ കുടുംബശ്രീ യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നതായുള്ള സർക്കാർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സി.എഫ്. വിളക്ക്; പദ്ധതി തുക പാഴായി**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-10)

ഗുണനിലവാര പരിശോധന നടത്താതെ 2,64,735 രൂപ ചെലവഴിച്ച് നടപ്പിലാക്കിയ സി.എഫ്. വിളക്ക് സ്ഥാപിക്കൽ പദ്ധതിയിലെ 50% വിളക്കുകളും ചുരുങ്ങിയ കാലയളവിൽ പ്രവർത്തനരഹിതമായതിനാൽ ചെലവഴിച്ച തുക പാഴായി. സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് രണ്ട് പദ്ധതികളിലായി സിഡ്കോയിൽ നിന്നും 2,64,735 രൂപയ്ക്ക് 233 വിളക്കുകൾ വാങ്ങിക്കുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് 21,300 രൂപ കെ.എസ്.ഇ.ബി.-യിൽ ഒടുക്കി 213 എണ്ണം സ്ഥാപിച്ചെങ്കിലും കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ശേഷിച്ച 20 വിളക്കുകളുടെ വിനിയോഗ വിവരം സ്റ്റോക്ക് രജിസ്റ്ററിലോ ഫയലിലോ ലഭ്യമല്ല. കേടായവ നന്നാക്കിയതായി രേഖയില്ല. വാറന്റി കാലയളവിനുള്ളിൽ വിളക്കുകൾ നന്നാക്കാതിരുന്ന അധികൃതരുടെ നടപടി കുറ്റകരമായ അനാസ്ഥയാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.10.1).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. വാറന്റി കാലാവധി തീരുന്നതുവരെ ലാമ്പുകൾ സ്ഥാപിക്കാതെ വൈകിപ്പിച്ചതെന്തു കൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് താൻ സെക്രട്ടറിയായി വരുന്നതിന് മുമ്പാണ് സിഡ്കോയിൽനിന്നും ലാമ്പുകൾ വാങ്ങിയതെന്നും ലാമ്പുകൾ ഇൻസ്റ്റലേഷൻ നടത്തണമെന്ന അറിവില്ലായിരുന്നെന്നും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും 233 സി.എഫ്. വിളക്കുകൾ ഉള്ളതായി കണ്ടെന്നും തുടർന്നുള്ള മാസങ്ങളിൽ സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പണം അടച്ചെന്നും കെ.എസ്.ഇ.ബി.-യുടെ ഭാഗത്തുനിന്നും കുറച്ചു കാലതാമസം വന്നെങ്കിലും വാറന്റി പിരീഡിനുള്ളിൽതന്നെ ലാമ്പുകൾ സ്ഥാപിച്ചുവെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

25. ലാമ്പുകൾ റിപ്പയർ ചെയ്യുന്നതിന് സിഡ്കോയെ ഏല്പിക്കാതെ സ്വകാര്യ ഏജൻസിയെ ഏല്പിച്ചതെന്തിനെന്നും അതുവഴി ഗവൺമെന്റിനുണ്ടായ നഷ്ടത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും ആരുടെ തീരുമാനപ്രകാരമാണിത് ചെയ്തതെന്നും സമിതി ആരാഞ്ഞു. റിപ്പയർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് സിഡ്കോ അറിയിച്ചതിനാലാണ് മറ്റൊരു ഏജൻസിയെ ഏൽപ്പിച്ചതെന്നും പഞ്ചായത്തിന്റെ അനിവാര്യമായ ചുമതല എന്ന നിലയും റിപ്പയറിംഗ് ആവശ്യം പരിഗണിച്ചുമാണ് അത് ചെയ്തതെന്നും കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം സഹിതമാണ് തുക നൽകിയതെന്നും ഇത് പഞ്ചായത്ത് സമിതിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് ചെയ്തതെന്നും ഏനാദിമംഗലം സെക്രട്ടറി സമിതിയെ അറിയിച്ചു. റിപ്പയറിംഗ് ഒരു സ്വകാര്യ ഏജൻസിയെക്കൊണ്ട് ചെയ്യിക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കണമായിരുന്നെന്നും വാറന്റി കാലാവധി തീരുന്നതുവരെ ലാമ്പുകൾ സ്ഥാപിക്കുന്നത് വൈകിച്ചത് ന്യായീകരിക്കത്തക്കതല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. സ്വകാര്യ ഏജൻസിയെ റിപ്പയറിംഗ് ഏൽപ്പിച്ചതുവഴിയുണ്ടായ നഷ്ടം സംബന്ധിച്ച് ഭരണവകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് എന്താണെന്നും സമിതി ആരാഞ്ഞു.

26. 24-3-2004-ലെ III-ാം നമ്പർ തീരുമാനപ്രകാരം ബാക്കിയുള്ള 20 സി.എഫ്. ലാമ്പുകൾ കേടായവയുടെ സ്ഥാനത്ത് സ്ഥാപിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നെന്നും അതിനാൽ 20 സി.എഫ്. ലാമ്പുകൾ പഞ്ചായത്ത് ഉപയോഗിച്ചതായി കരുതാമെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു. കൂടാതെ 220 സി.എഫ്. ലാമ്പുകൾക്ക് പഞ്ചായത്ത് പണം അടയ്ക്കുകയും കോംപ്ലിമെന്ററിയായുള്ള 13 എണ്ണം ഉൾപ്പെടെ 233 സി.എഫ്. ലാമ്പുകൾ പഞ്ചായത്തിന് ലഭിക്കുകയും വിവിധ ഘട്ടങ്ങളിലായി അവ സ്ഥാപിക്കുകയും ചെയ്തതായി പഞ്ചായത്ത് രേഖകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അംഗീകൃതസ്ഥാപനത്തിൽനിന്നും സാമ്പിൾ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി

നിലനിർത്തി ഗ്യാരന്റി പിരീഡിനുശേഷം മാത്രം നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതും കംപ്ലീഷൻ സർട്ടിഫിക്കറ്റ്, റിപ്പോർട്ട് എന്നിവ ലഭ്യമല്ലാത്തതുമാണ് ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വന്ന പോരായ്മകളെന്നും സി.എഫ്. ലാമ്പുകൾ വാങ്ങിയതിൽ നഷ്ടമുണ്ടായിട്ടില്ലെന്നും അടുത്ത പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് മെയിന്റനൻസ് നടത്തിയിട്ടുള്ളതെന്നും അഡീഷണൽ ഡയറക്ടർ അറിയിച്ചു ഭരണവകുപ്പ് ഇതു സംബന്ധിച്ച അന്വേഷണം നടത്തി നടപടി എടുക്കണമെന്ന് സമിതി ആവശ്യപ്പെട്ടു

സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27968/എബി1/07/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ നൽകിയ പത്തനംതിട്ട പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

27. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ 2002-03 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ (1) S129/03, പട്ടികജാതി മേഖലയിൽ സി.എഫ്. വിളക്ക് സ്ഥാപിക്കൽ (2) S158/03, സി.എഫ്. വിളക്ക് സ്ഥാപിക്കൽ (ജനറൽ) എന്നീ രണ്ട് പ്രോജക്ടുകൾക്കായി യഥാക്രമം 26,861 രൂപയും 2,62,516 രൂപയും അടങ്കലായി വകയിരുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ 1 മുതൽ 12 വരെയുള്ള വാർഡുകളിലെ പട്ടികജാതി കുടുംബങ്ങൾ ഉള്ള പ്രദേശങ്ങളിലായി 53 സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് S129/03, നമ്പർ പ്രോജക്ടിൽ 26,861 രൂപ അടങ്കലായി ഉൾപ്പെടുത്തിയിരുന്നത്. സി.എഫ്. വിളക്ക് യൂണിറ്റ് ഒന്നിന് വിലയായി 1,197 രൂപയും ഫിറ്റിംഗ് ചാർജ്ജായി യൂണിറ്റിന് വിലയായി 100 രൂപയുമാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ടി പ്രോജക്ടിന്റെ ധനകാര്യ വിശകലനത്തിൽ പറഞ്ഞിട്ടുള്ള തുകയും അടങ്കൽ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ജില്ലാ ആസൂത്രണ സമിതിയുടെ 25-11-2002-ലെ ജി.പി.192/126/02/ഡിപിഒ/പി.റ്റി.എ. നമ്പരായി ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എസ്.158/03 നമ്പർ ജനറൽ പ്രോജക്ട് പ്രകാരം സി.എഫ്. വിളക്ക് യൂണിറ്റ് ഒന്നിന് 1,300 രൂപയും ഫിറ്റിംഗ് ചാർജ്ജായി 100 രൂപയും വകയിരുത്തിയിട്ടുണ്ട്. ടി പ്രോജക്ട് പ്രകാരം 170 സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് 2,62,516 രൂപയും വകയിരുത്തിയിട്ടുണ്ട്. ടി പ്രോജക്ടിന് 25-11-2002-ലെ ജി.പി.192/98/ഡിപിഒ/പി.റ്റി.എ. നമ്പരായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം 222 സി.എഫ്. വിളക്കുകളുടെ വിലയായി 2,64,735 രൂപ 31-3-2003-ലെ 007100-ാം നമ്പർ ചെക്ക് പ്രകാരം സ്പെഷ്യൽ ഓഫീസർ തിരുവല്ല പേർക്ക് നല്കിയതായി കാണുന്നു. സിഡ്കോയുടെ തിരുവല്ല ബ്രാഞ്ചിൽ നിന്നുള്ള 29-3-2003-ലെ 9554-ാം നമ്പർ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് യൂണിറ്റ് ഒന്നിന് 1,192 രൂപ 50 പൈസ നിരക്കിൽ 222 സി.എഫ്. വിളക്കുകളുടെ തുകയായാണ് 2,64,735 രൂപ സിഡ്കോയ്ക്ക് നൽകിയതെന്ന് കാണുന്നു.

28. സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് 12-12-2003-ലെ 728482-ാം നമ്പർ ചെക്ക് പ്രകാരം 16,200 രൂപയും 27-11-2003-ലെ 12845-ാം നമ്പർ ചെക്ക് പ്രകാരം 5,100 രൂപയും അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഏഴംകുളം പേർക്ക് നല്കിയതായി കാണുന്നു. ഒരു സി.എഫ്. വിളക്ക്

സ്ഥാപിക്കുന്നതിന് 100 രൂപ ക്രമത്തിൽ 213 സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് ടി 21,300 രൂപ കെ.എസ്.ഇ.ബി.-യിൽ പഞ്ചായത്തടച്ചത്. 2003 മാർച്ച് മാസം പണം നൽകി വാങ്ങിയ സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ പണം ഒടുക്കുന്നതിന് 8 മാസത്തെ കാലതാമസമുണ്ടായതായി കാണുന്നു. ടി സി.എഫ്. വിളക്കുകൾ കെ.എസ്.ഇ.ബി. അധികൃതർ സ്ഥാപിച്ചത് 2004 മാർച്ചിലാണെന്ന് കാണുന്നു. സി.എഫ്. വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിന് മൊത്തത്തിൽ ഒരു വർഷത്തെ കാലതാമസമുണ്ടായതായി കാണുന്നു. വാറന്റി പിരീഡ് ഒരു വർഷമായിരുന്നു. ഏകദേശം ഒരു വർഷം ആകുമ്പോഴാണ് സി.എഫ്.വിളക്കുകൾ സ്ഥാപിക്കുന്നത്. 7-5-2004-ൽ പഞ്ചായത്ത് സെക്രട്ടറി തിരുവനന്തപുരത്തുള്ള ഒമേഗ ഇലക്ട്രോണിക്സിനെഴുതിയ കത്തിന്റെ പകർപ്പ് ഫയലിൽ കാണുന്നു. ടി കത്തിൽ സ്ഥാപിച്ച സി.എഫ്. വിളക്കിന്റെ 50 ശതമാനവും കേടായിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു. സിഡ്കോ ഒമേഗ ഇലക്ട്രോണിക്സിൽനിന്നും സി.എഫ്. വിളക്കുകൾ വാങ്ങി പഞ്ചായത്തിന് നൽകിയതുകൊണ്ടാണ് ഒമേഗ ഇലക്ട്രോണിക്സിന് സെക്രട്ടറി കത്തെഴുതാനിടയായതെന്ന് കരുതുന്നു. സി.എഫ്. വിളക്കുകളുടെ കേട് പരിഹരിക്കുവാൻ പഞ്ചായത്ത് ഫണ്ടിൽനിന്നും 2004-05 വരെ തുക ചെലവ് ചെയ്തിട്ടില്ല. എങ്ങനെയാണ് ടി കേടുപാടുകൾ പരിഹരിച്ചതെന്ന് വ്യക്തമായ രേഖപ്പെടുത്തലുകളൊന്നും പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. ടി സി.എഫ്. വിളക്കുകളുടെ കേട് പരിഹരിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന് കാണുന്നു.

29. 24-3-2004-ലെ II(8)-ാം നമ്പർ തീരുമാനപ്രകാരം മുൻപ് സ്ഥാപിച്ച 213 കഴിച്ച് ബാക്കിയുണ്ടായിരുന്ന 20 സി.എഫ്. വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചതായി കാണുന്നു. കേടായവയുടെ സ്ഥാനത്ത് മാറ്റി സ്ഥാപിക്കുകയാണു ണ്ടായതെന്ന് ടി തീരുമാനത്തിൽ പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. ആയതിനാൽ ടി 20 സി.എഫ്. വിളക്കുകൾ പഞ്ചായത്ത് ഉപയോഗിച്ചതായി കരുതാവുന്നതാണ്. പഞ്ചായത്ത് 222 സി.എഫ്. വിളക്കുകൾക്ക് പണം അടയ്ക്കുകയും കോംപ്ലിമെന്റായി ലഭിച്ച 11 സി.എഫ്. വിളക്കുകൾ അടക്കം മൊത്തം 233 സി.എഫ്. വിളക്കുകൾ പഞ്ചായത്തിന് ലഭിക്കുകയും ആയവ മൊത്തം വിവിധ ഘട്ടങ്ങളിലായി സ്ഥാപിച്ചതായും പഞ്ചായത്തിലെ രേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

30. സാമ്പിൾ ടെസ്റ്റ് അംഗീകൃത സ്ഥാപനത്തിൽ നടത്തിയ രേഖകൾ ഇല്ലാത്തതും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നിലനിർത്തി ഗ്യാരണ്ടി പിരീഡിനുശേഷം മാത്രം നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതും കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ലാത്തതും ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വന്ന പോരായ്മകളാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

31. ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് 2002-03-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി മേഖലയിലും പൊതുവിഭാഗത്തിലുമായി നടപ്പാക്കിയ സി.എഫ്. വിളക്കുകൾ സ്ഥാപിക്കൽ പദ്ധതികൾക്കായി ആകെ 2,86,035 രൂപ (സി.എഫ്. വിളക്കുകളുടെ വില 2,64,735 രൂപ വിളക്കുകൾ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.-യിൽ അടച്ച തുക 21,300 രൂപ) ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നടന്ന സമിതിയുടെ തെളിവെടുപ്പ് വേളയിൽ വ്യക്തമായ മറുപടി ലഭിക്കാത്തതിനെത്തുടർന്ന് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാർ മുഖേന സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൻപ്രകാരം രണ്ട് പദ്ധതികൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നതായി സമിതിക്ക് ബോധ്യമായി. എന്നാൽ, പട്ടികജാതി മേഖലയിലെ പ്രോജക്ടിന്റെ ധനകാര്യ വിശകലനത്തിൽ പറഞ്ഞിട്ടുള്ള തുകയും അടങ്കൽ തുകയും പൊരുത്തപ്പെടുന്നില്ല എന്ന ഡെപ്യൂട്ടി ഡയറക്ടറുടെ നിഗമനം സമിതി ഗൗരവമായി വീക്ഷിക്കുന്നു. കൂടാതെ പദ്ധതികൾക്കായി വാങ്ങിയതും സൗജന്യമായി കമ്പനി നൽകിയതും സ്ഥാപിച്ചതുമായ വിളക്കുകളുടെ കണക്കുകളും പൊരുത്തപ്പെടുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

32. 2002-2003 വാർഷിക പദ്ധതിക്കുള്ള സി.എഫ്. വിളക്കുകൾ 2003 മാർച്ചിൽ വാങ്ങിയതിനുശേഷം അവ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ തുക അടയ്ക്കുവാൻ 8 മാസം കാലതാമസം വരുത്തിയതിനും കെ.എസ്.ഇ.ബി. വിളക്കുകൾ സ്ഥാപിക്കുന്നതിന് വീണ്ടും 4 മാസം താമസിച്ചതിനുമുള്ള കാരണം വ്യക്തമാക്കുവാൻ സാധിച്ചിട്ടില്ല. യഥാസമയം വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി 50% വിളക്കുകൾ കേടായി എന്നു മാത്രമല്ല വാറന്റി കാലാവധി അവസാനിച്ചതിനാൽ കേടായവയ്ക്കുപകരം പുതിയവ മാറ്റി ലഭിക്കുന്നതിനുള്ള സാധ്യതയും ഇല്ലാതായി. ഇതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം തൻവർഷം മുതൽ ലഭിക്കാതിരിക്കുക മാത്രമല്ല പദ്ധതി തുകയുടെ 50%-വും നിഷ്ഫലമാകുകയും ചെയ്തു. 2004-05 വരെ കേടായ വിളക്കുകൾ മാറ്റി സ്ഥാപിക്കാത്തതിനാൽ റിപ്പയർ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്ന വാദം യുക്തിസഹമല്ല. 2004-05-നുശേഷം ഏതെങ്കിലും ഒരു അവസരത്തിൽ അവ റിപ്പയർ ചെയ്ത് പുതിയവ സ്ഥാപിക്കപ്പെടുമെന്ന തിനാൽ ആയിനത്തിൽ ഭാവിയിൽ ചെലവ് വരുമെന്നത് നിസ്തർക്കമാണ്. അംഗീകൃത സ്ഥാപനത്തിൽനിന്നും സാമ്പിൾ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നിലനിർത്തി ഗ്യാരണ്ടി പിരീഡിനുശേഷം മാത്രം നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതും പൂർത്തീകരണ സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭ്യമല്ലാതിരുന്നതും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. സി.എഫ്. വിളക്കുകൾ ലഭ്യമായാലുടൻ

**സമയബന്ധിതമായി അവ സ്ഥാപിക്കുവാൻ കഴിയുന്ന വിധത്തിൽ കെ.എസ്.ഇ.ബി.-യിൽ തുക അടയ്ക്കുകയും ധാരണയിലെത്തുകയും ചെയ്തിരുന്നുവെങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു.**

33. **ഓഡിറ്റിൽ പരാമർശവിധേയമായ പദ്ധതിയുടെ നടത്തിപ്പിൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥയും വീഴ്ചയുമുണ്ടായതായും ആയത് പദ്ധതി പാളലിനും പദ്ധതിലക്ഷ്യം നിറവേറ്റുന്നതിലെ പരാജയത്തിനും കാരണമായതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി യഥാസമയം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ ഫലമായുണ്ടായ നഷ്ടത്തിനുത്തരവാദികളായവരെ കണ്ടെത്തുവാനും മാതൃകാപരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സമാഹരണ മുൻകൂർ ഈടാക്കിയില്ല**

(2001-2002 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-5)

പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിനു നൽകിയ സമാഹരണ മുൻകൂർ ഈടാക്കിയില്ല.

4,65,830 രൂപ വകയിരുത്തി ആരംഭിച്ച പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിന് സമാഹരണ മുൻകൂർ നൽകിയ 50,000 രൂപയാണ് തിരികെ ഈടാക്കാനുള്ളത്.

29-9-2000-ലാണ് ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് മുൻകൂർ നൽകിയത്. ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ കൺവീനർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും 19-8-2001-ൽ 1,666 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുകയും ചെയ്തിട്ടുണ്ട്. 50,000 രൂപ 12% പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് പകരം കേവലം 1,666 രൂപ മാത്രം ഈടാക്കി കൺവീനറെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കിയതായാണ് കാണുന്നത്. ബാക്കി പലിശ സഹിതം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.11.1).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിന് നൽകിയ സമാഹരണ മുൻകൂർ ഈടാക്കാതിരുന്നതിന്റെ കാരണമെന്താണെന്നും എത്ര രൂപയാണ് ഈടാക്കേണ്ടിയിരുന്നതെന്നും ഉള്ള സമിതിയുടെ ചോദ്യത്തിന് 50,000 രൂപ ആയിരുന്നു

മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിരുന്നതെന്നും അതിന്റെ 12% പലിശ ഉൾപ്പെടെ 15-11-2008 വരെയുള്ള കണക്കനുസരിച്ച് 1,12,803 രൂപയാണുള്ളതെന്നും റവന്യൂ റിക്കവറി നടപടിക്ക് നോട്ടീസ് നൽകി മുന്നോട്ട് പോയെങ്കിലും കൺവീനറായിരുന്ന ശ്രീ. ബിജു സക്കറിയ എന്ന വ്യക്തിയുടെ പേരിൽ സ്വത്തൊന്നും ഇല്ലാതിരുന്നതിനാൽ തുക ഈടാക്കാൻ കഴിഞ്ഞില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു കേവലം 1,666 രൂപ മാത്രം ഈടാക്കി കൺവീനറെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും മറ്റു വിവരങ്ങളും ശേഖരിച്ച് സർക്കാരിന് റിപ്പോർട്ട് നൽകി ആയത് സമിതി മുമ്പാകെ സമർപ്പിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. സമിതിയുടെ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കാമെന്ന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പു നൽകി.

സമിതി നിർദ്ദേശാനുസരണം 27968/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന സർക്കാർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

35. മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ കോൺഫറൻസ് ഹാൾ നിർമ്മിക്കുന്നതിന് JGSY പദ്ധതിയിലുൾപ്പെടുത്തി 2000-01 വർഷത്തിൽ പദ്ധതി തയ്യാറാക്കി 4,76,830 രൂപയുടെ എസ്റ്റിമേറ്റ് ആറന്മുള മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എടുക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റിയും ഇലന്തൂർ BLEC അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിന് 2-8-2000-ൽ ഗുണഭോക്തൃ സമിതിയെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി യോഗം വിളിക്കുകയും ടി യോഗത്തിൽവച്ച് ഗുണഭോക്തൃ സമിതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഗുണഭോക്തൃസമിതി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. 29-9-2000-ൽ കൺവീനർക്ക് പുന്നയ്ക്കാട് സർവ്വീസ് സഹകരണ ബാങ്കിലെ 29-9-2000-ലെ 727332-ാം നമ്പർ ചെക്ക് പ്രകാരം മുൻകൂർ തുകയായി 50,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ പണി പൂർത്തീകരി ച്ചിട്ടില്ലെന്നും പല തവണ ടിയാനോട് കത്തുമുഖേന നിർദ്ദേശം നൽകിയിട്ടുള്ളതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൻ മുൻകൂറായി കൈപ്പറ്റിയ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചുവെങ്കിലും 1,666 രൂപ മാത്രമേ ടിയാനിൽനിന്ന് ഈടാക്കിയതായി കാണുന്നുള്ളൂ. ടിയാന്റെ കൈയിൽനിന്നും ബാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും എന്നാൽ ടിയാന് സ്ഥാവരജംഗമ സ്വത്തുക്കളില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

36. **പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിന് ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും കൺവീനർക്ക് സമാഹരണ മുൻകൂറായി 50,000 രൂപ നൽകുകയും ചെയ്തെങ്കിലും ടിയാൾ ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുകയോ മുൻകൂർ തുക തിരികെ അടയ്ക്കുകയോ ചെയ്യാത്തതിന്റെ ഫലമായി പഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. മുൻകൂർ നൽകിയ തുക 12% പലിശ ഉൾപ്പെടെ**

ഈടാക്കുന്നതിന് റവന്യൂ റിക്കവറി ആരംഭിച്ചെങ്കിലും ടിയാന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കളൊന്നുമില്ലാത്തതിനാൽ കേവലം 1,666 രൂപ മാത്രം ഈടാക്കി നടപടി അവസാനിപ്പിച്ചതായാണ് അധികവിവര റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നത്.

37. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന പദ്ധതികളിൽ ബഹുഭൂരിപക്ഷവും ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രാവർത്തികമാക്കുന്നത്. എന്നാൽ സമിതി മുമ്പാകെ വരുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൺവീനർമാർ മുൻകൂർ തുക കൈപ്പറ്റുകയും പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതുമായ നിരവധി സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതായാണ് കാണുന്നത്. തത്ഫലമായി പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ പോകുകയും സർക്കാർ പണം ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു. മുൻകൂറായി പണം കൈപ്പറ്റുന്ന കൺവീനർമാർ പലപ്പോഴും തുക തിരിച്ചടയ്ക്കാൻ വൈമുഖ്യം കാട്ടുകയോ തിരിച്ചടയ്ക്കാൻ പ്രാപ്തിയില്ലാത്തവരായോ കാണപ്പെടുന്നു. ഇത് ശരിയായ പ്രവണതയല്ല. പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന പണം നിർദ്ദിഷ്ടകാര്യത്തിന് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടേണ്ടത് അനിവാര്യമാണ്. അനുവദിച്ച പണം അങ്ങനെ വിനിയോഗിക്കപ്പെടാത്തപക്ഷം കൈപ്പറ്റിയ തുക നിയമം അനുശാസിക്കും പ്രകാരമുള്ള പലിശ സഹിതം സർക്കാർ ഖജനാവിലേക്ക് തന്നെ തിരികെ അടയ്ക്കപ്പെടേണ്ടതാണ്. ആയതിനാൽ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ നൽകുമ്പോൾ പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം പ്രസ്തുത തുക പലിശ സഹിതം തിരികെ ഈടാക്കുവാനുള്ള വ്യവസ്ഥകൾക്ക് രൂപം നൽകേണ്ടത് അനിവാര്യമായിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വരശ്രദ്ധ പതിയേണ്ട താണെന്നും ആയതിനുവേണ്ട നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിലില്ലായ്മ വേതനം വിതരണം ചെയ്തതിന് തെളിവില്ല**

(2000-2001, 2001-2002 ഓഡിറ്റ് എൽ.എഫ്.പി.റ്റി.എ.പി.4/60/6. 6-2-2006)

തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിന് 8-9-2000-ൽ തനത് ഫണ്ടിൽ നിന്ന് 28,800 രൂപയും 14-9-2000-ൽ ജനറൽ പി.ഡി. അക്കൗണ്ടിൽനിന്ന് 61,800 രൂപയും ഉൾപ്പെടെ 90,600 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും 60,000 രൂപ വിതരണം ചെയ്യുകയും 1,800 രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽനിന്ന് പിൻവലിച്ച 28,800 രൂപ വിതരണം ചെയ്തതിന് തെളിവില്ല. 31-12-2005-ൽ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും യാതൊരു വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.12.1).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. തൊഴിലില്ലായ്മ വേതനം വിതരണം ചെയ്തതിന്റെ ക്രമക്കേടുകളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്ന് 8-9-2000-ൽ പിൻവലിച്ച 28,800 രൂപ 14-9-2000-ൽ തിരിച്ചടച്ചുവെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. പണം തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

### നിഗമനങ്ങൾ/ശിപാർശകൾ

39. **തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് വിതരണം ചെയ്യാതെ അവശേഷിച്ച 28,800 രൂപ 14-9-2000-ൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ മല്ലപ്പള്ളി ശാഖയിൽ പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട് എന്ന സർക്കാരിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ആറന്മുള ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജനറൽ പി.ഡി. അക്കൗണ്ട്—50,000 രൂപയുടെ അപഹരണം**

[2001-2002 (ചെലവ്) ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-12]

ചെക്ക് മോഷണം പോയതായി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 6-10-2001-ൽ 50,000 രൂപ ജനറൽ പി.ഡി. പാസ് ബുക്കിൽ കുറവ് ചെയ്തിരിക്കുന്നതിനാൽ ചെക്ക് മോഷണത്തിലൂടെ 50,000 രൂപ അപഹരിച്ചിരിക്കുന്നതായി കാണുന്നു.

1-4-2001 മുതൽ 31-3-2002 വരെയുള്ള കാലയളവിൽ ജനറൽ പി.ഡി. അക്കൗണ്ടിൽനിന്നും നൽകിയ 40101 മുതൽ 40152 വരെയുള്ള ചെക്കുകളിൽ മോഷണം പോയതായി പറയപ്പെടുന്ന 40134-ാം നമ്പർ ചെക്ക് 40135-ാം നമ്പർ ചെക്ക് എന്നിവ ഒഴികെ മറ്റെല്ലാം നിർവ്വഹണോദ്യോഗസ്ഥരുടെ പ്ലാൻ പി.ഡി. അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനാണ് നൽകിയിട്ടുള്ളത്. 40134-ാം നമ്പർ ചെക്ക് പ്രകാരം 10-9-2001-ൽ പിൻവലിച്ച 1,21,200 രൂപയിൽ 95,640 രൂപ തൊഴിൽരഹിത വേതനമായി വിതരണം ചെയ്ത തുക കഴിച്ച് 25,560 രൂപ 9-10-2001-ൽ തിരിച്ചടച്ചിട്ടുണ്ട്. ആവശ്യമായ തുക എത്രയെന്ന് കണക്കാക്കാതെ പിൻവലിച്ചതിൽ അവശേഷിച്ച 25,560 രൂപ ഒരു മാസത്തിനുശേഷമാണ് തിരിച്ചടച്ചിട്ടുള്ളത്. മോഷണം പോയ

40135-ാം നമ്പർ ചെക്ക് പ്രകാരം 5-10-2001-ൽ 50,000 രൂപ ജനറൽ പി.ഡി. പാസ് ബുക്കിൽ നിന്ന് മാറിയെടുത്തിട്ടുണ്ട്. ചെലവ് വിവരം കാണിച്ചിട്ടില്ല. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതാണ് ഇത്തരമൊരു സാഹചര്യത്തിന് വഴിതെളിച്ചിട്ടുള്ളത്. 2/96 മുതൽ 12/02 വരെയുള്ള കാലയളവിലെ ട്രഷറി പാസ്ബുക്ക്, 40101 മുതൽ 40200 വരെയുള്ള ചെക്ക്ബുക്ക് എന്നിവ പത്തനംതിട്ട വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 4-4-2003-ൽ കൈപ്പറ്റിയിരിക്കുന്നതിനാൽ അവ പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല. 95,640 രൂപയുടെ തൊഴിൽരഹിത വേതന വിതരണം വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.13.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

40. ചെക്ക് മോഷണം പോയതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞതിന് ചെക്ക് മോഷണത്തിൽ പ്രതിയായ പ്യൂണിനെതിരെ 2003-ൽ വിജിലൻസ് കേസ് നിലനിൽക്കുകയാണെന്നും അതിനാൽ ടിയാനെതിരെ മറ്റ് അച്ചടക്കനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഇപ്പോൾ ടിയാൻ സസ്പെൻഷനിലാണെന്നും ആറന്മുള ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ആവശ്യപ്രകാരം എ.വി.എസ്.-6032/07-ാം നമ്പരായി ടിയാനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും കേസ് ചാർജ്ജ് ചെയ്ത് ട്രയലിനായി കാത്തിരിക്കുകയാണെന്ന് വിജിലൻസിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. ഒമ്പത് വർഷമായ വിജിലൻസ് കേസ്സാണിതെന്ന് ചൂണ്ടിക്കാട്ടിയ സമിതി അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ആരായുകയും ഇക്കാര്യം സംബന്ധിച്ച് വിജിലൻസിന് റിമൈൻഡർ അയയ്ക്കുകയോ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയോ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ആയതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് നൽകി.

41. അനുവദനീയമായതിൽ കൂടുതൽ തുക പിൻവലിക്കുകയും വിതരണം ചെയ്തതിന് ശേഷമുള്ള തുക അനധികൃതമായി കൈവശം വയ്ക്കുകയും ചെയ്തതിനുത്തരവാദി ആരാണെന്ന് സമിതി ആരാഞ്ഞു. അന്നത്തെ സെക്രട്ടറിയാണ് പണം പിൻവലിച്ചതെന്നും തൊഴിലില്ലായ്മവേതനമിനത്തിൽ യഥാസമയം കൈപ്പറ്റാതിരുന്ന 26,460 രൂപയാണ് ഒരു മാസം കൈവശം വച്ചിരുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ആവശ്യമുള്ള തുക മാത്രമേ പിൻവലിക്കാൻ പാടുള്ളുവെന്നും ബാക്കിയുണ്ടെങ്കിൽ രണ്ട് ദിവസത്തിനകം ബാങ്കിൽ തിരിച്ചടയ്ക്കണമെന്നും അല്ലെങ്കിൽ കൈവശം വച്ചിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കുമെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ അന്നത്തെ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശാനുസരണം 27968/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന സർക്കാർ ലഭ്യമാക്കിയ പത്തനംതിട്ട ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

42. ആറന്മുള ഗ്രാമപഞ്ചായത്തിലെ 5-10-2001-ലെ 40135 നമ്പർ ചെക്ക് പ്രകാരം ജനറൽ പി.ഡി.പാസ്സ് ബുക്കിൽ 50,000 രൂപ കുറവു ചെയ്തിരിക്കുന്നതിനാൽ ടി തുക ചെക്ക് മോഷണത്തിലൂടെ അപഹരിച്ചതായി കണ്ടെത്തുകയും ആയത് സംബന്ധിച്ച് വിജിലൻസ് കേസ് നടന്നുവരികയുമാണ്. 2/2003/PTA നമ്പരായി നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരനായി കണ്ടെത്തിയിട്ടുള്ള അന്നത്തെ പ്യൂൺ ശ്രീ. ഇ. കെ. ഗോപാലകൃഷ്ണന് എതിരായിയുള്ള പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി കേസിന്റെ ചാർജ്ജ് ഷീറ്റ് ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരം കോടതിയിൽ സമർപ്പിച്ചതായും ഇപ്പോൾ സി.സി. 238/2088 നമ്പരായി ബഹു. എൻക്വയറി കമ്മീഷണർ ആന്റ് ജഡ്ജ് കോട്ടയത്തിന്റെ പരിഗണനയിലാണെന്നും അന്വേഷണത്തിൽ മനസ്സിലാക്കാൻ സാധിച്ച വിവരം അറിയിക്കുന്നു.

43. ആറന്മുള ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിത വേതന ഗുണഭോക്താക്കൾക്ക് 2000 ഏപ്രിൽ മുതൽ 2000 ജൂൺ വരെയുള്ള 3 മാസത്തെ തൊഴിൽരഹിത വേതന വിതരണം ചെയ്യുന്നതിനുവേണ്ടി 10-9-2001-ൽ 1,21,200 രൂപ ട്രഷറിയിൽനിന്നും പിൻവലിക്കുകയുണ്ടായി. ടി തുക പിൻവലിച്ച ചെക്കിന്റെ കൗണ്ടർഫോയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കൈവശമായതിനാൽ ടി ചെക്കിന്റെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ലഭിച്ചില്ല. തൊഴിൽരഹിത വേതനം വിതരണം നടത്തുന്ന അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ടി രജിസ്റ്ററിൽ 4/2000 മുതൽ 6/2000 വരെയുള്ള തൊഴിൽരഹിത വേതനം ചുവടെ കൊടുത്തിട്ടുള്ള പ്രകാരം വിതരണം നടത്തിയിട്ടുണ്ട്.

44. 4/2000 മുതൽ 6/2000 വരെയുള്ള 3 മാസത്തെ തൊഴിൽരഹിത വേതന തുകയായ 360 രൂപാ വീതം 260 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതായും 4/2000, 5/2000 മാസങ്ങളിലെ മാത്രം തൊഴിൽരഹിത വേതന തുകയായ 240 രൂപ വീതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതായും അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ബോദ്ധ്യപ്പെട്ടു.

മേൽപ്പറഞ്ഞ പ്രകാരം തൊഴിൽരഹിത വേതന വിതരണം നടത്തിയ ഇനത്തിൽ:

| | | |
|---|---|---|
| 260x360 | = | 93,600 |
| 6x240 | = | 1,440 |
| 6x120 | = | 720 |
| | | 95,760 |

95,760 രൂപ വിതരണം ചെയ്തിട്ടുള്ളതായി രേഖയിൽ കാണുന്നു. ബാക്കി 25,440 രൂപ തിരിച്ചടയ്ക്കേണ്ടതിനുപകരം 25,560 രൂപ 9-10-2001-ൽ 347-ാം നമ്പർ ചെലാൻ പ്രകാരം ചെങ്ങന്നൂർ സബ്ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്.

45. തൊഴിൽരഹിത വേതന വിതരണ രജിസ്റ്ററിൽ ഗുണഭോക്താവായി പേരു രേഖപ്പെടുത്തിയിരുന്ന 27 ഗുണഭോക്താക്കൾ തൊഴിൽരഹിത വേതനം കൈപ്പറ്റാൻ വരാതിരുന്നത് നിമിത്തം ടിയാളുകൾക്ക് ടി വേതനം വിതരണം ചെയ്തിട്ടില്ല. ഇപ്രകാരം തൊഴിൽരഹിത വേതനം കൈപ്പറ്റാതിരുന്ന 27 ഗുണഭോക്താക്കളും തൊഴിൽരഹിത വേതനം കൈപ്പറ്റിയ 272 ഗുണഭോക്താക്കളും ഉൾപ്പെടെ 299 ഗുണഭോക്താക്കളാണ് ടി കാലയളവിൽ തൊഴിൽരഹിത വേതന ഗുണഭോക്താക്കളായി ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നത്. വേതനം കൈപ്പറ്റിയ 272 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള 95,760 രൂപയും ആയത് കൈപ്പറ്റാതിരുന്ന 27 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായിവരുന്ന പരമാവധി തുകയായ 9,720 (27X360) രൂപയും ഉൾപ്പെടെ ആകെ 1,05,480 രൂപ മാത്രം 4/2000 മുതൽ 6/2000 വരെയുള്ള തൊഴിൽരഹിത വേതന വിതരണത്തിന് ആവശ്യമായിരിക്കെ 1,21,200 രൂപ പിൻവലിച്ചത് തെറ്റായ നടപടിയാണ്. ഇത്തരത്തിൽ ആവശ്യത്തിൽ അധികമായി തുക പിൻവലിക്കുകയും ആയത് ഒരു മാസക്കാലം കൈവശം വച്ചുകൊണ്ടിരിക്കുകയും ചെയ്ത നടപടി സാമ്പത്തിക ക്രമക്കേടാണ്. ടി വീഴ്ചകൾക്ക് ഉത്തരവാദി ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. സി. ജെ. ജോസഫ് ആണ്. ടിയാൻ 30-4-2006-ൽ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽനിന്നും വിരമിച്ചിട്ടുള്ളതാണ്. ടി വിവരങ്ങൾ അങ്ങയുടെ അറിവിലും അനന്തര നടപടികൾക്കുമായി സമർപ്പിച്ചുകൊള്ളുന്നു

## നിഗമനങ്ങൾ/ശിപാർശകൾ

46. **ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ മോഷണം പോയതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് മുഖേന 50,000 രൂപ ജനറൽ പി.ഡി. അക്കൗണ്ടിൽനിന്നും അപഹരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ചെക്ക് മോഷണത്തിലൂടെ 50,000 രൂപ അപഹരിച്ചതിൽ കുറ്റക്കാരനായി കണ്ടെത്തിയ പ്യൂണിനെതിരെ വിജിലൻസ് കേസ് നടന്നുവരുന്നതായും ടിയാനെതിരെ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചതായും കേസിന്റെ ചാർജ്ജ് ഷീറ്റ് എൻക്വയറി ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സമർപ്പിച്ചതായും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ടിയാനെതിരെയുള്ള പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും വിധിപ്രകാരം നടപടി സ്വീകരിക്കുവാനും റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.**

47. **തൊഴിലില്ലായ്മ വേതനം വിതരണത്തിന് ആവശ്യമായതിലും അധികം തുക പിൻവലിച്ചതും പ്രസ്തുത തുകയും വിതരണം ചെയ്തതിനുശേഷം മിച്ചം വന്ന തുകയും കയ്യിൽ സൂക്ഷിക്കുകയും ചെയ്ത സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. അധികം പിൻവലിച്ച തുക ബന്ധപ്പെട്ട സെക്രട്ടറി 9-10-2001-ൽ ചെലാൻ പ്രകാരം ചെങ്ങന്നൂർ സബ്ട്രഷറിയിൽ അടച്ചതായും 30-4-2006-ൽ ടിയാൻ സർവ്വീസിൽനിന്നും വിരമിച്ചതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വേതനവും പെൻഷനും പരിശോധനയില്ലാതെ**

2001-2002 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-13

പെൻഷനുകളും തൊഴിൽരഹിത വേതനവും ഗ്രാമപഞ്ചായത്ത് പരിശോധന കൂടാതെ നൽകുന്നു.

2000-2001-ലും 2001-2002-ലും പെൻഷനുകളും തൊഴിൽരഹിത വേതനവും അനുവദിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ കാണുന്നുണ്ട്.

ഒരു വ്യക്തിക്ക് തന്നെ രണ്ട് ക്രമനമ്പരുകളിൽ വികലാംഗ പെൻഷനും തൊഴിൽരഹിത വേതനവും ഒരേ കാലയളവിൽ നൽകി. വിതരണ രജിസ്റ്ററുകളിൽ ചെലവുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. പഞ്ചായത്ത് തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപേക്ഷകർക്ക് യാതൊരു അന്വേഷണവും നടത്താതെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയതായിട്ടാണ് കാണുന്നത്. പെൻഷനുകൾ, തൊഴിൽരഹിത വേതനം എന്നിവ കൈകാര്യം ചെയ്യുന്ന ബി ഫണ്ട് ക്യാഷ് ബുക്കും ലെഡ്ജറുകളും എഴുതി സൂക്ഷിച്ചിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.13.2).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

48. പെൻഷനുകളും തൊഴിൽരഹിത വേതനവും നൽകുന്നതിലെ ക്രമക്കേടുകളെ കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ അനധികൃതമായി നൽകിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു ആയതിന്റെ രേഖകൾ ഒരാഴ്ച്ചയ്ക്കകം തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കണമെന്നും അവ പരിശോധിച്ചശേഷം ശരിയാണെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു

49. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 27968/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ പ്രസ്തുത തുക തിരിച്ചടച്ചത് സംബന്ധിച്ച രേഖകൾ 14-2-2012-ലെ എ.1/382/12 നമ്പർ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

50. **ആറന്മുള ഗ്രാമപഞ്ചായത്തിൽ 2000-2001, 2001-2002 കാലയളവിൽ തൊഴിൽരഹിത വേതനം, പെൻഷൻ എന്നിവയുടെ വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നുവെന്ന ഓഡിറ്റ് പരാമർശത്തെ സമിതി ഗൗരവമായി വീക്ഷിക്കുന്നു. പരാമർശിത ഓഡിറ്റ് ഖണ്ഡികയിൽ ഒരു ഉദാഹരണമാണ് സൂചിപ്പിച്ചിട്ടുള്ളതെങ്കിലും ക്രമക്കേടുകൾ അതിലൊതുങ്ങുന്നതല്ല**

**എന്ന് സമിതി ന്യായമായും സംശയിക്കുന്നു. ഒരേ വ്യക്തിക്ക് തന്നെ രണ്ടാനുകൂല്യങ്ങൾ നൽകിയെന്നത് തന്നെ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതുപോലെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ മതിയായ അന്വേഷണം നടത്തുന്നില്ല എന്നതിന്റെ തെളിവാണ്. തൊഴിൽരഹിത വേതനം, പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷകളിന്മേൽ ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്ന് ഓഡിറ്റിന് സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചിപ്പിച്ചിരിക്കുന്നു. ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമം പാലിച്ച മാത്രമേ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് സമിതി നിഷ്കർഷിക്കുന്നു. ഒരേ കാലയളവിൽ ഒരു വ്യക്തിക്ക് തന്നെ രണ്ട് ക്രമനമ്പരുകളിലായി വികലാംഗ പെൻഷനും തൊഴിൽരഹിത വേതനവും നൽകിയ തുകയിൽ അധികമായി ഗുണഭോക്താവ് കൈപ്പറ്റിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും രേഖകളുടെ പകർപ്പുകൾ സഹിതം ഹാജരാക്കിയതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ തടസ്സങ്ങളിന്മേൽ അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പ്രമാടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ലേലം മുദ്രപ്പത്രവിലയിൽ കുറവ്**

(1997-98 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-4)

മണൽ ലേലം കിസ്റ്റ് പിരിക്കൽ എന്നിവയിൽ നിശ്ചിത ശതമാനത്തിലുള്ള മുദ്രപ്പത്രത്തിൽ കരാർ വയ്ക്കാത്തതിനാൽ സംസ്ഥാന സർക്കാരിന് 68,859 രൂപയുടെ നഷ്ടം.

1997-98-ലെ മണൽ ശേഖരിക്കുന്നതിന് അവകാശം, മാർക്കറ്റിൽ ഇറച്ചി വ്യാപാരം, കിസ്റ്റ് പിരിക്കൽ എന്നിവയ്ക്കുള്ള അവകാശം ലേലം ചെയ്ത് കൊടുത്തപ്പോൾ ലേലത്തുകയുടെ 5% നിരക്കിൽ മുദ്രപ്പത്രത്തിൽ കരാർ വച്ചിട്ടില്ല. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാന സർക്കാരിന് 68,859 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 2.15.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

51. ലേലം മുദ്രപ്പത്രത്തിൽ കരാർ വയ്ക്കാത്തതിനാൽ സർക്കാരിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് ആരാഞ്ഞതിന് മുദ്രപ്പത്രത്തിൽ തന്നെ കരാർ വച്ചിരുന്നുവെന്നാണ് അന്നത്തെ സെക്രട്ടറി പറയുന്നതെന്നും ചൂണ്ടിക്കാട്ടിയ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആ സ്റ്റാമ്പ് പേപ്പർ മാത്രം നഷ്ടമാകുന്നതെങ്ങനെയാണെന്ന് മനസ്സിലാകുന്നില്ലെന്ന് സമിതിയിൽ അഭിപ്രായപ്പെട്ടു.

52. ഓഫീസ് മൂന്നുതവണ മാറ്റേണ്ടിവന്നുവെന്നും അപ്പോൾ പ്രസ്തുത എഗ്രിമെന്റ് നഷ്ടപ്പെട്ടിരിക്കാമെന്നുമാണ് മുൻ സെക്രട്ടറി പറയുന്നതെന്നും അവരിൽനിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി തുടങ്ങിയിട്ടുണ്ടെന്നും പ്രമാടം പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

53. സമിതി യോഗത്തിൽ ഹാജരായ മുൻ സെക്രട്ടറിക്ക് എന്താണ് പറയുവാനുള്ള തെന്ന് സമിതി ആരാഞ്ഞു. 1997-ലെ ലേലത്തിൽ നിയമപരമായി മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണെന്നും 1997 ജൂലൈ മാസം താൻ അവിടെനിന്നും ട്രാൻസ്ഫറായി പോവുകയും 2001 സെപ്റ്റംബറിൽ സർവ്വീസിൽനിന്നും വിരമിക്കുകയും ചെയ്തെന്നും എഗ്രിമെന്റ് വച്ച ഫയൽ സെക്ഷൻ ക്ലാർക്കിന്റെ കൈവശമായിരുന്നുവെന്നും താൻ പെൻഷനായി പോയതിനുശേഷമാണ് ഓഡിറ്റ് നടന്നതെന്നും ലേലത്തുക മുഴുവൻ അടച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട് എന്നത് ഉറപ്പാണെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

54. അന്വേഷണവുമായി ബന്ധപ്പെട്ട് രണ്ട് മൂന്ന് തവണ ആ ഫയൽ കളക്ടേറ്റിൽ അയച്ചിരുന്നെന്നും അന്നത്തെ സ്റ്റാഫെല്ലാം ട്രാൻസ്ഫറായി പോയെന്നും ആ ഫയൽ കളക്ടേറ്റിൽതന്നെ ഉണ്ടെന്നും പ്രമാടം പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശാനുസരണം 27968/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ ലഭ്യമാക്കിയ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

55. പ്രമാടം ഗ്രാമപഞ്ചായത്തിൽ 27-3-2012-ന് നേരിട്ട് ഹാജരായി. 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 15.1-ൽ പരാമർശിക്കുന്ന പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4 പ്രകാരം ടി വർഷത്തേക്കുള്ള മണൽ ശേഖരിക്കുന്നതിനുള്ള അവകാശം, മാർക്കറ്റിൽ ഇറച്ചി വ്യാപാരം, കിസ്റ്റ് പിരിക്കൽ ഇവയ്ക്കുള്ള അവകാശം ലേലം ചെയ്തുകൊടുത്തപ്പോൾ ലേലത്തുകയുടെ 5% വിലയ്ക്കുള്ള മുദ്രപ്പത്രത്തിൽ കരാർ വയ്ക്കേണ്ടിയിരുന്നു. "കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല" ടി കരാറിന്റെ അഭാവത്തിൽ സർക്കാരിന് 68,859 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

56. മണൽ ലേലം കൈക്കൊണ്ട 3 പേരും, കിസ്റ്റ് പിരിവ് ലേലം കൊണ്ട 3 പേരും ഇറച്ചി വ്യാപാര ലേലം കൈക്കൊണ്ട 2 പേരും ഉൾപ്പെടെ 8 പേർ ലേലത്തുകയുടെ 5% വരുന്ന തുകയായ 68,859 രൂപയ്ക്ക് മുദ്രപ്പത്രം വച്ചിട്ടില്ല എന്നതാണ് ഓഡിറ്റ് പരാമർശം.

57. പഞ്ചായത്തിന്റെ ഫയൽ പരിശോധിച്ചതിൽ ഉത്തരവാദികളായ ലേലക്കാർക്ക് ഫയൽ നമ്പർ സി.425/08 തീയതി 22-11-2008 പ്രകാരം പഞ്ചായത്ത് നോട്ടീസ് അയച്ചതായി കണ്ടു. എന്നാൽ ആരും തന്നെ മറുപടി നൽകിയിട്ടില്ല. തുടർന്ന് പ്രസ്തുത കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീമതി കെ. ബി. ശാന്തകുമാരിയമ്മയ്ക്ക് (വലിയകാലായിൽ, അഴൂർ, പത്തനംതിട്ട) നോട്ടീസ് നൽകിയതിന് 26-3-2011-ൽ അവർ മറുപടി നൽകുകയും 7-2-2012-ൽ തിരുവനന്തപുരത്ത് വച്ചുനടന്ന ലോക്കൽ ഫണ്ട്

അക്കൗണ്ട്സ് കമ്മിറ്റിയിൽ അവർ പങ്കെടുക്കുകയും ചെയ്തു. മറുപടിയിലും നേരിട്ട് നൽകിയ മൊഴിയിലും 1997-98 കാലയളവിൽ അവർ പ്രമാടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ നടത്തിയ ലേലങ്ങൾക്ക് നിയമാനുസൃതമുള്ള കരാർ വയ്പിച്ചിരുന്നുവെന്നും ആയത് ഫയലിൽ സൂക്ഷിച്ചിരുന്നതാണെന്നും ഓഡിറ്റ് നടന്ന സമയത്തോ 21-3-2011-ലെ നോട്ടീസ് ലഭിക്കുന്നതുവരെയോ ഇപ്രകാരം ഒരു വീഴ്ച വന്ന വിവരം ആരും തന്നെ അറിയിച്ചില്ലായെന്നും നിയമപ്രകാരമുള്ള കരാറുകൾ വയ്പ്പിച്ചിരുന്നതിനാൽ തുക തിരിച്ചടയ്ക്കുവാൻ ബാദ്ധ്യതയില്ലെന്നും ആയത് ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

58. ഗ്രാമപഞ്ചായത്തിൽ നേരിട്ട് പരിശോധിച്ചതിൽ 1997-98 വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ യാതൊന്നും തന്നെ ലഭ്യമല്ലായെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ശ്രീമതി കെ. ബി. ശാന്തകുമാരിയമ്മ, 2001 സെപ്റ്റംബറിൽ സേവനത്തിൽ നിന്നും വിരമിച്ചയാളും ഇപ്പോൾ 66 വയസ്സുള്ള ഒരു വയോധികയുമാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് നടന്ന സമയത്ത് അറിയിക്കാതിരുന്നതുമൂലം യഥാസമയം കരാർ ഹാജരാക്കാൻ ടിയാൾക്ക് കഴിയാതെ വരികയാണുണ്ടായത്.

### നിഗമനങ്ങൾ/ശിപാർശകൾ

**59. പ്രമാടം ഗ്രാമപഞ്ചായത്തിൽ 1998-1999-ലെ മണൽ ശേഖരണം, ഇറച്ചി വ്യാപാരം, കിസ്സ് പിരിക്കൽ എന്നിവയുള്ള അവകാശം ലേലം ചെയ്യുമ്പോൾ ലേലത്തുകയുടെ 5% വരുന്ന തുകയ്ക്ക് മുദ്രപ്പത്രത്തിൽ കരാർ വയ്ക്കാത്തതിനാൽ 68,859 രൂപ സർക്കാരിന് നഷ്ടമുണ്ടായതായി സമിതി വിലയിരുത്തുന്നു. എന്നാൽ ലേലത്തുക മുഴുവൻ അടച്ച് കരാർ വച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയൽ സെക്ഷൻ ക്ലാർക്കിന്റെ കൈവശമായിരുന്നെന്നും ഓഡിറ്റ് നടന്ന സമയത്തോ 21-3-2011-ലെ നോട്ടീസ് ലഭിക്കുന്നതുവരെയോ ഇപ്രകാരം ഒരു വീഴ്ച വന്ന വിവരം ആരും തന്നെ അറിയിച്ചിട്ടില്ലെന്നും പലതവണ ഓഫീസ് മാറ്റേണ്ടിവന്നതുമൂലം പ്രസ്തുത കരാർ നഷ്ടപ്പെട്ടതാകാമെന്നും തെളിവെടുപ്പ് വേളയിൽ മുൻ സെക്രട്ടറി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ 2008-ൽ ഉത്തരവാദികളായ ലേലക്കാർക്ക് നോട്ടീസ് അയച്ചെന്നും അവർ ആയതിന് മറുപടി നൽകിയില്ലായെന്നും ഫയലിൽനിന്ന് മനസ്സിലാകുന്നുവെന്നും 1997-98-ലെ ലേലം സംബന്ധിച്ച ഫയലുകൾ യാതൊന്നും ലഭ്യമല്ലെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് അറിയിക്കാതിരുന്നതുമൂലമാണ് കരാർ രേഖകൾ യഥാസമയം ഹാജരാക്കാതിരുന്നതെന്നും പരാമർശകാലത്തെ സെക്രട്ടറി 2001-ൽ സർവ്വീസിൽനിന്നും വിരമിച്ചുവെന്നുമാണ് അറിയിച്ചിരിക്കുന്നത്.**

60. ലേലവും ഓഡിറ്റും നടന്ന സമയം തമ്മിൽ വലിയ അന്തരമുള്ളതായി സമിതി കാണുന്നില്ല. 1998-1999-ലേക്കുള്ള ലേലം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കാതിരിക്കുകയും കരാർരേഖയുടെ അഭാവം ഓഡിറ്റ് ചൂണ്ടിക്കാണിച്ച് ആയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം വ്യക്തമാക്കുകയും ചെയ്ത സന്ദർഭത്തിൽ രേഖകൾ ഹാജരാക്കാതെ കരാർ വച്ചിരുന്നുവെന്ന് വാക്കാൽ മാത്രം ഉറപ്പ് പറയുന്നത് അംഗീകരിക്കത്തക്കതല്ല. ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം സർക്കാർ കാര്യങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും അവ പാലിച്ചിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ഇത്തരം വീഴ്ചയുടെ ഫലമായി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ ബാധ്യത ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടതാണ്. സേവനത്തിൽനിന്ന് വിരമിച്ചുവെന്നതു കൊണ്ട് പ്രസ്തുത ബാധ്യത ഇല്ലാതാകുന്നില്ല. ഇതു സംബന്ധിച്ച് 19-3-2012-ലെ പഞ്ചായത്ത് ഭരണസമിതിയുടെ നിഗമനങ്ങളോടും സമിതി യോജിക്കുന്നില്ല. ആയതിനാൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുകയ്ക്ക് കരാർ വച്ച രേഖകൾ കണ്ടെത്തുകയോ അവ കണ്ടെത്താൻ കഴിയാത്തപക്ഷം ഓഡിറ്റ് ചൂണ്ടിക്കാട്ടിയതുപോലെ കരാർ വച്ചിരുന്നില്ല എന്ന നിഗമനത്തിൽ പ്രസ്തുത തുക സാധാരണ പലിശസഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ചട്ടപ്രകാരം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## സീതത്തോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഉറുമ്പിനി തോടിനു കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം—നടപടിക്രമങ്ങളുടെ ലംഘനം പഞ്ചായത്ത് ഫണ്ടിന് നഷ്ടം**

(ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 2-4)

ഉറുമ്പിനി തോടിനു കുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് 11,85,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് പ്രാദേശിക നിരക്ക് പ്രകാരമാണ്. പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനേക്കാൾ 49.5% ടെണ്ടർ അധികത്തിനാണ് ഈ പ്രവൃത്തി കരാറുകാരൻ മുഖേന നടപ്പിലാക്കിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ ആരംഭം മുതൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. കരാറുകാരന് അമിത ലാഭം ഉണ്ടാക്കുന്നതിന് സഹായകരമായ രീതിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തിയതുമൂലം സ്ഥാപനത്തിന് ഭീമമായ നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.

11,85,000 രൂപയുടെ എസ്റ്റിമേറ്റുണ്ടായിരുന്ന ഈ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചു കൊണ്ട് പത്രപരസ്യം നൽകിയതിന് യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 10-3-1998-ൽ 79% അധിക നിരക്ക് ക്വാട്ട് ചെയ്തുകൊണ്ട് ശ്രീ. എ. എസ്. കുഞ്ചൻ എന്ന ഒരു കരാറുകാരൻ ക്വട്ടേഷൻ സമർപ്പിച്ചതായി കാണുന്നു. 11-3-1998-ൽ തന്നെ സെക്രട്ടറി ടി കരാറുകാരനെ നെഗോസിയേഷന് ക്ഷണിക്കുകയും 49.5% അധിക നിരക്കിന് പ്രവൃത്തി ചെയ്യാമെന്ന് കരാറുകാരൻ സമ്മതിച്ചതിനെ തുടർന്ന് 4-6-1998-ൽ കരാർ വച്ചിട്ടുള്ളതുമാണ്.

കരാർ പ്രകാരം 4-6-1998-ൽ പ്രവൃത്തി ആരംഭിക്കേണ്ടതായിരുന്നു വെങ്കിലും പ്രവൃത്തി ആരംഭിക്കാതെ കരാറുകാരൻ പഞ്ചായത്തുമായി വിലപേശൽ നടത്തിയിട്ടുള്ളതായി കാണുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 30-6-1999 വരെ നീട്ടുവാനും എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. എന്നാൽ ഈ സംഗതിയിൽ ഭരണസമിതി എന്തെങ്കിലും തീരുമാനം എടുത്തിട്ടുള്ളതായി രേഖയില്ല.

പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടം 5 പ്രകാരം 1997-98 വർഷവും 27-5-1998 വരെയും ജില്ലാ വിദഗ്ദ്ധ സമിതി നിർണ്ണയിച്ച പ്രാദേശിക നിരക്കിനേക്കാൾ 5%-ത്തിലധികം ടെണ്ടർ അധികം നൽകണമെങ്കിൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമായിരുന്നു. 1998-99 വർഷം 28-5-1998 മുതൽ 1996-ലെ ഷെഡ്യൂൾ നിരക്കിനേക്കാൾ 30%-ത്തിൽ ടെണ്ടർ അധികം നൽകണമെങ്കിൽ സർക്കാരിന്റെ അനുമതിയും ആവശ്യമായിരുന്നു. ജില്ലാതല വിദഗ്ദ്ധ സമിതി നിർണ്ണയിച്ച് പ്രാദേശിക നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ള ഈ പ്രവൃത്തിക്ക് 10-3-1998-ലാണ് ക്വട്ടേഷൻ ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഈ പ്രവൃത്തിക്ക് 49.5% ടെണ്ടർ അധികം നൽകണമെങ്കിൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതായിരുന്നു. കൂടാതെ 1,88,824 രൂപയുടെ അധിക പ്രവൃത്തി ചെയ്യുതിന് ആവശ്യമായ യാതൊരു നടപടിക്രമവും പാലിച്ചിട്ടില്ല. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ എം ബുക്ക് നമ്പർ 111/96-97-ൽ ചേർത്തിട്ടുണ്ടെന്ന് 11/95-96 നമ്പർ അളവു ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത എം ബുക്കിൽ ഈ പ്രവൃത്തിയെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും നടത്തിയതായി കാണുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.20.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. ഉറുമ്പിനി തോടിനു കുറുകെയുള്ള പാലം നിർമ്മാണത്തിൽ നടപടിക്രമങ്ങൾ പാലിക്കാത്തതെന്താണെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ഫയലിൽ യഥാക്രമമുള്ള പേപ്പറുകൾ കാണുന്നില്ലെന്നും അതിന്റെ പകർപ്പ് മുൻ സെക്രട്ടറിയുടെ കൈവശമുണ്ടെന്നും അദ്ദേഹം ഇവിടെ സന്നിഹിതനായിട്ടുണ്ടെന്നും സീതത്തോട് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

62. എസ്റ്റിമേറ്റിലുള്ളതിനേക്കാൾ 5%-ത്തിലധികം ഉയർന്ന നിരക്ക് നൽകുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അനുവാദം ആവശ്യമല്ലേ എന്ന സമിതിയുടെ ചോദ്യത്തിന് അനുവാദം ആവശ്യമാണെന്നും പരാമർശവിധേയമായ വർക്കിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അനുവാദം വാങ്ങിയിട്ടുണ്ടായിരുന്നെന്നും അതിനെ സംബന്ധിച്ചുള്ള പേപ്പറുകൾ ഓഫീസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിക്കുകയും എസ്റ്റിമേറ്റിനേക്കാൾ 49.5% അധിക നിരക്കിൽ നെഗോഷ്യേറ്റ് ചെയ്ത് ഏൽപ്പിച്ചതിനെ അംഗീകരിച്ചുകൊണ്ടുള്ള ജില്ലാ വിദഗ്ദ്ധ സമിതി കൺവീനറുടെ കത്ത് സമിതിയെ സെക്രട്ടറി വായിച്ചുകേൾപ്പിക്കുകയും ചെയ്തു.

63. അനുമതി കൂടാതെ 1,88,224 രൂപയുടെ അധിക പ്രവൃത്തി നടത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുവാൻ സമിതി ആവശ്യപ്പെട്ട 31-8-1998-ൽ താൻ ട്രാൻസ്ഫർ ആയിപ്പോയെന്നും ആയതിനാൽ ഇത് സംബന്ധിച്ച് അധികമൊന്നും അറിയില്ലെന്നും മുൻ സെക്രട്ടറി അറിയിച്ചു അനുമതി കൂടാതെ അധിക പ്രവൃത്തി ചെയ്യാനുള്ള അധികാരം ആർക്കുമില്ലെന്നും ആരാണ് ഇതിന് ഉത്തരവാദിയെന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശാനുസരണം 27968/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ നൽകിയ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

64. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പി.ഡബ്ല്യൂ.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് താഴെപ്പറയും പ്രകാരമാണ്:

| | | | |
|---|---|---|---|
| Appendix A : | ഉറുമ്പിനി തോടിന് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം | .. | 11,43,506 |
| Appendix B : | സംരക്ഷണഭിത്തിയും അനുബന്ധ റോഡിന്റെയും പണി | .. | 28,250 |
| | ആകസ്മിക ചെലവുകൾ | .. | 13,244 |
| | ആകെ | .. | 11,85,000 |

65. ഈ പണിക്ക് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12-2-1998-ലെ D2.DPD.116/97 കത്തുപ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും 24-2-1998-ൽ എസ്2. 85/98-ാം നമ്പരായി ദേശാഭിമാനി ദിനപത്രത്തിൽ ടെണ്ടർ പരസ്യം നടത്തിയിട്ടുള്ളതുമാണ്. ആയതിന് 10-3-1998-ൽ മൂന്ന് ടെണ്ടറുകൾ ലഭിച്ചിട്ടുള്ളതുമാണ്.

**ലഭിച്ച ടെണ്ടറുകളുടെ വിവരം**

| | | | |
|---|---|---|---|
| (1) | എ. എസ്. കുഞ്ചൻ, അയ്യനക്കുടി ഹൗസ്, അല്ലപ്ര പി. ഒ., പെരുമ്പാവൂർ | .. | എസ്റ്റിമേറ്റ് തുകയേക്കാൾ 79% അധികനിരക്കിൽ |
| (2) | കെ. പ്രസന്നകുമാർ, പ്രശാന്ത് ഭവൻ, അമ്മകണ്ടകര, അടൂർ | .. | എസ്റ്റിമേറ്റ് തുകയേക്കാൾ 85% അധികനിരക്കിൽ |
| (3) | എം. സി. ജോസഫ്, മുത്തോടത്ത് ഹൗസ്, തിരുവല്ല | .. | എസ്റ്റിമേറ്റ് തുകയേക്കാൾ 94% അധികനിരക്കിൽ |

66. ഇതിൽ ഏറ്റവും കുറവു തുക ക്വോട്ട് ചെയ്തിരുന്നത് എസ്റ്റിമേറ്റ് തുകയേക്കാൾ 79% അധികനിരക്കിൽ ശ്രീ. എ. എസ്. കുഞ്ചൻ എന്നയാളായിരുന്നു. 10-3-1998-ൽ തന്നെ ചേർന്ന ഭരണസമിതി യോഗത്തിൽ ഈ ടെണ്ടറുകൾ പരിശോധിക്കുകയും

1-ാം നമ്പർ തീരുമാനപ്രകാരം ഏറ്റവും താഴ്ന്ന നിരക്കിലുള്ള ശ്രീ. എ. എസ്. കുഞ്ചന്റെ ടെണ്ടറിന്മേൽ നെഗോസിയേഷൻ ആവശ്യപ്പെടാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അടിയന്തര സ്വഭാവത്തിൽ പണി നടത്തിക്കുന്നതിനായാണ് ഇത്തരത്തിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. ടി യോഗത്തിൽ 3 ടെണ്ടറുകൾ ലഭിച്ചുവെങ്കിലും ഉയർന്ന നിരക്കിലുള്ള ടെണ്ടറുകളെ സംബന്ധിച്ച വിവരം മിനിട്സിൽ രേഖപ്പെടുത്തുകയോ ടെണ്ടർ രജിസ്റ്റർ യഥാവിധി എഴുതി പൂർത്തിയാക്കുകയോ ചെയ്തിരുന്നില്ല. ആകയാൽ ഓഡിറ്റ് വേളയിൽ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നാണ് അനുമാനിച്ചത്. എന്നാൽ ടി 3 കരാറുകാരും 10-3-1998-ൽ തന്നെ ടെണ്ടർ വേളയിൽ EMD അടച്ച രസീത് വാങ്ങിയിട്ടുള്ളത് പരിശോധിക്കുകയും ഉണ്ടായില്ല. പുനർ അന്വേഷണവേളയിൽ 3 കരാറുകാരും 10-3-1998-ൽ EMD അടച്ചതിന്റെ വിവരങ്ങൾ ലഭിച്ചത് ചുവടെ ചേർക്കുന്നു:

എ. എസ്. കുഞ്ചൻ .. 29,293 രൂപ 10-3-1998-ലെ 7/27368-ാം നമ്പർ രസീത് പ്രകാരം അടച്ചു

കെ. പ്രസന്നകുമാർ .. 29,293 രൂപ 10-3-1998-ലെ 8/27368-ാം നമ്പർ രസീത് പ്രകാരം അടച്ചു

എം. സി. ജോസഫ് .. 29,293 രൂപ 10-3-1998-ലെ 2/27368-ാം നമ്പർ രസീത് പ്രകാരം അടച്ചു

67. ഈ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിലോ ടെണ്ടർ ഫയലിലോ മിനിട്സ് ബുക്കിലോ രേഖപ്പെടുത്താതിരുന്നത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

68. തുടർന്ന് 11-3-1998-ൽ എസ്2.85/98(1) നമ്പർ കത്തു മുഖേന സെക്രട്ടറി നെഗോസിയേഷൻ ആവശ്യപ്പെട്ടതിൻപ്രകാരം ശ്രീ. എ. എസ്. കുഞ്ചൻ 16-3-1998-ൽ 49.5% അധികനിരക്കിൽ കരാർ ഏറ്റെടുക്കുവാൻ തയ്യാറാണെന്നു കാണിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതും 28-3-1998-ലെ 1(a) നമ്പർ തീരുമാനപ്രകാരം ഭരണസമിതി ആയത് അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ തീരുമാനത്തിൽ ടി വർക്കിന് ലഭിച്ചിരിക്കുന്ന ടെണ്ടർ റേറ്റ് പി.ഡബ്ല്യു.ഡി. നിരക്കിനേക്കാൾ കുറവാകയാലും വളരെ അടിയന്തര സ്വഭാവത്തിൽ പണി നടത്തേണ്ടതിനാലും അംഗീകരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തിയുടെ സ്വഭാവം കണക്കിലെടുത്താണ് പുനർദർഘാസ് ക്ഷണിക്കാത്തതെന്നും തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

69. 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 10 (14) പ്രകാരം 5%-ത്തിൽ കൂടിയ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ടെണ്ടറുകൾ അംഗീകരിക്കുന്നതിനു മുൻപ് ജില്ലാതല വിദഗ്ധസമിതിയുടെ അംഗീകാരം വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിദഗ്ധ സമിതിയുടെ കൺവീനർ കൂടിയായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും D2.DPD.116/97 തീയതി 27-4-1998 നമ്പരായി അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ കോൺട്രാക്ടർക്ക് 49.5% അധികനിരക്ക് നൽകിയത് നിയമപരമാണെന്ന് കാണുന്നു.

70. കൂടാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും അധികരിച്ച് പ്രവൃത്തി ചെയ്യുന്നതിന് പ്രവൃത്തി നിർവ്വഹണ സമയത്ത് ബന്ധപ്പെട്ട എഞ്ചിനീയർ പ്രസ്തുത വിവരം കാര്യകാരണസഹിതം ശിപാർശ ചെയ്ത് ഭരണസമിതിയുടെ അംഗീകാരവും എസ്റ്റിമേറ്റ് പുതുക്കിയ അംഗീകാരവും വാങ്ങേണ്ടതുണ്ട്. ഈ നടപടിക്രമങ്ങളൊന്നും ഇവിടെ പാലിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞില്ല. എന്നാൽ കരാറുകാരൻ 1,88,824 രൂപയുള്ള ഒരു സപ്ലിമെന്ററി എഗ്രിമെന്റ് 30-1-2001-ൽ വച്ചിട്ടുള്ളതായി കാണുന്നു. ഈ കാലയളവിൽ സെക്രട്ടറി ശ്രീ. കെ. ഓമനക്കുട്ടൻ നായരായിരുന്നു. ഈ പ്രവൃത്തിയുടെ പൂർണ്ണവിവരം ഫൈനൽ ബില്ലായി 2/95-96 നമ്പർ അളവു ബുക്കിൽ 35 മുതൽ 101 വരെ പേജുകളിലായും തുടർന്ന് 3/96-97 നമ്പർ അളവു ബുക്കിൽ 19 മുതൽ 85 വരെ പേജുകളിലായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പരാമർശത്തിൽ 3/95-96 എന്ന അളവു ബുക്കിൽ അല്ല മറിച്ച് 2/95-96 അളവു ബുക്കിലാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. 2/95-96 എന്ന നമ്പറിൽ ഈ കാലയളവിൽ 2 അളവ് ബുക്കുകൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഇതും തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയിട്ടുണ്ട്. അതിൽ ഒരു ബുക്കിലാണ് ടി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്.

71. ഈ പ്രവൃത്തിക്ക് 2 പാർട്ട് ബില്ലുകൾ മുഖേനയും ഫൈനൽ ബിൽ മുഖേനയും ആകെ ടെണ്ടർ എക്സസ് ഉൾപ്പെടെ 15,88,036 രൂപ നൽകിയിട്ടുള്ളതാണ്. അതിൽ 1,88,824 രൂപയുടെ അധിക പ്രവൃത്തി ചെയ്യുന്നതിന് ചെലവ് ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എർത്ത് ഫില്ലിംഗ് (എസ്റ്റിമേറ്റിൽ അംഗീകരിച്ചത്) | .. | 39,683 |
| എസ്റ്റിമേറ്റിൽ ഇല്ലാത്ത 3 ഇനങ്ങൾ | .. | 46,699 |
| ആർ.ആർ. മേസൺട്രി (അംഗീകരിച്ചത്) ആകെ | .. | 1,42,125 |
| ആകെ | .. | 1,88,824 |

72. ടി തുകയുടെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പൂർണ്ണമായും നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എങ്കിലും പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

73. **ഉറുമ്പിനി തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 11,85,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനേക്കാൾ 49.5% ടെണ്ടർ അധികത്തിന് പ്രസ്തുത പ്രവൃത്തി കരാറുകാരന് നൽകുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം വസ്തുതയാണെന്ന് സമിതി വിലയിരുത്തുന്നു. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ പത്രത്തിൽ പരസ്യം ചെയ്ത് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോസിയേഷനിലൂടെയാണ് കരാർ ഉറപ്പിച്ചതെന്നും ടെണ്ടർ വേളയിൽ കരാറുകാർ EMD അടച്ചിരുന്നുവെന്നും മതിയായ വിവരങ്ങൾ രജിസ്റ്ററിലോ ടെണ്ടർ ഫയലിലോ മിനിട്സ് ബുക്കിലോ**

**രേഖപ്പെടുത്താത്തതാണ് വീഴ്ചയെന്നും സമിതി വിലയിരുത്തുന്നു. അധിക പ്രവൃത്തി ചെയ്യുന്നതിന് മതിയായ അംഗീകാരം വാങ്ങാതിരുന്നത് വീഴ്ചയായി സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണ രേഖകൾ ചട്ടം അനുശാസിക്കുംവിധം സൂക്ഷിക്കുന്നില്ലായെന്നും യഥാസമയം ഓഡിറ്റിന് ഹാജരാക്കുന്നില്ലായെന്നും നിരീക്ഷിക്കുന്ന സമിതി ആയത് സംബന്ധിച്ച കർശന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നു. പ്രസ്തുത പ്രവൃത്തിയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന സർക്കാർ ലഭ്യമാക്കിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ നിർദ്ദേശിക്കുന്നു.**

## ചിറ്റാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പടയണിപ്പാറ-കൊടുമുടി റോഡ്—ഉദ്ധാരണവേല കൺവീനർക്ക് അധിക പ്രതിഫലം നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2001-2002 ഖണ്ഡിക നമ്പർ 2-10

1992-93 വർഷം ജെ.ആർ.വൈ. പദ്ധതി പ്രകാരം ടാർ ചെയ്തിട്ടുള്ള ഈ റോഡിൽ അതിനുശേഷം യാതൊരു ഉദ്ധാരണ പ്രവൃത്തികളും നടത്താത്തതുമൂലം കാൽനടയാത്ര പോലും ദുസ്സഹമായ രീതിയിൽ റോഡ് തകർന്നതിനാൽ 222 മീറ്റർ സബ്ബേസ് മെറ്റലിംഗും 725 മീറ്റർ ബേസ് മെറ്റലിംഗും നടത്തി ടാർ ചെയ്യുവാൻ പദ്ധതിരേഖയിൽ വിവരിച്ചിട്ടുള്ള ഈ റോഡിൽ 1998-99 വർഷം 72,000 രൂപയുടെ ഉദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് റോഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും പദ്ധതിരേഖ വാസ്തവ വിരുദ്ധമാണെന്ന് മനസ്സിലാക്കാം.

എസ്റ്റിമേറ്റിൽനിന്നും ഫൈനൽ ബില്ലിൽനിന്നും 2279 എം2 ഉപരിതലം റീമെറ്റൽ (ബേസ് കോഴ്സ്) ചെയ്തിട്ടുള്ളതാണെന്ന് വ്യക്തമാണ്. ഐ.ആർ.സി. നിബന്ധന പ്രകാരം 10 എം$^2$ റീമെറ്റൽ ചെയ്യുന്നതിന് 0.5 എം$^3$ 36 എം.എം. മെറ്റൽ മതിയാകുമെന്നിരിക്കെ ഒരു എം$^3$ വീതം മെറ്റൽ സംഭരിച്ച് കൺവീനർക്ക് പ്രതിഫലം നൽകിയതുമൂലം ഈ ഇനത്തിൽ 36,480.60 രൂപയും ആദ്യമെറ്റലിംഗിന് അർഹമായ നിരക്ക് റീമെറ്റലിംഗിന് നൽകിയതുമൂലം 4,521.10 രൂപയും കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റീമെറ്റലിംഗിനുള്ള ഡാറ്റയിൽ പഴയ മെറ്റൽ ചെയ്ത ഉപരിതലം കൊത്തിയിളക്കുന്നതിനുള്ള കൂലിയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനം പ്രവൃത്തി പ്രത്യേക ഇനമായി ചെയ്ത് പ്രതിഫലം നൽകിയതുമൂലം 7,245 രൂപ അധികം നൽകിയിരിക്കുന്നു. റോഡിന്റെ കാന നിർമ്മാണത്തിന് ഡാറ്റാ 57-നു പകരം 52 പ്രകാരമുള്ള നിരക്ക് നൽകിയതിനാൽ ഈ ഇനത്തിൽ 1,022.40 രൂപയും അധികം നൽകിയിട്ടുണ്ട്.

സാങ്കേതിക അപാകതകൾമൂലം ഈ പ്രവൃത്തിയിൽ മൊത്തം 49,269 രൂപ അധികം ചെലവായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. പടയണിപ്പാറ-കൊട്ടമുടി റോഡ് പുനരുദ്ധാരണത്തിന് അധിക തുക അനുവദിച്ചത് ആരാണെന്നും സാങ്കേതിക അപാകതമൂലമുണ്ടായ സാമ്പത്തിക നഷ്ടത്തിന് സാങ്കേതിക വിദഗ്ദ്ധന്റെ വിശദീകരണം ചോദിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞു. 1992-93 കാലഘട്ടത്തിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷം യാതൊരു പണിയും നടത്തിയിരുന്നില്ലെന്നും അതിന്റെ അടിസ്ഥാനത്തിൽ ജെ.ആർ.വൈ. ഫണ്ട് 48,700 രൂപ ഉൾപ്പെടെ 72,000 രൂപ 1998-99-ൽ തന്നെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ചു എന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

75. തനിക്ക് മുമ്പ് ഉണ്ടായിരുന്ന എ.ഇ. ആണ് ജെ.ആർ.വൈ. പദ്ധതി പ്രകാരം ഇത് നടപ്പിലാക്കിക്കൊണ്ടിരുന്നതെന്നും താൻ വന്നതിനുശേഷം മെറ്റൽ ഇറക്കി മെറ്റലിംഗ് ചെയ്യുകയും ആദ്യത്തെ ബിൽ കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും പത്തനംതിട്ട ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് ഒരു പാർട്ട് ബിൽ നൽകിയിട്ടുണ്ടെന്നും ആ പാർട്ട് ബില്ലിനെ സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും സമിതിയോഗത്തിൽ ഹാജരായ മുൻ എ.ഇ. അറിയിച്ചു. ഗ്രാമസഭ തീരുമാനിക്കുകയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും സാങ്കേതിക വിദഗ്ധൻ തയ്യാറാക്കുകയും എ.എക്സ്.ഇ. കൗണ്ടർസൈൻ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പണി തുടങ്ങിയതെന്ന് പഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

76. ഈ വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ടോ എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ചോദിച്ചതിന് കൊടുത്തിട്ടില്ല എന്ന് സെക്രട്ടറി മറുപടി പറഞ്ഞു. അരക്യൂബിക് മെറ്റലിന് പകരം ഒരു ക്യൂബിക് മെറ്റൽ ഉപയോഗിച്ചു തെറ്റുകൊണ്ടാണെന്നും പ്രസ്തുത വിവരം ഗവൺമെന്റിനെ അറിയിക്കേണ്ടതല്ലേ എന്നുമുള്ള എസ്.പി.എ.ഒ.-യുടെ ചോദ്യത്തിന് റോഡിന്റെ സാഹചര്യമനുസരിച്ച് അങ്ങനെ മാറ്റി ചെയ്യേണ്ടിവന്നുവെന്നും അത് ഗവൺമെന്റിനെ അറിയിക്കേണ്ടതായിരുന്നെന്നും മുൻ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി പറഞ്ഞു.

77. ആവശ്യത്തിൽ കൂടുതൽ മെറ്റൽ ഉപയോഗിക്കുകയും റീ സർഫേസിംഗ് വന്നപ്പോൾ പഴയ മെറ്റൽ ചെയ്ത ഉപരിതലം കൊത്തിയിളക്കുന്നത് പ്രത്യേകമായി പ്രതിഫലം നൽകുകയും ചെയ്തു. ഇത് ന്യായീകരിക്കാൻ കഴിയില്ലെന്നും രേഖ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറിയോട് മറുപടി നൽകാൻ ആവശ്യപ്പെടാമെന്നും അതിനുശേഷം റിക്കവറി നടപടികൾ സ്വീകരിക്കാമെന്നും എസ്.പി.എ.ഒ. സമിതിക്ക് ഉറപ്പുനൽകി.

സമിതി നിർദ്ദേശാനുസരണം 27698/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ നൽകിയ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

78. ചിറ്റാർ ഗ്രാമപഞ്ചായത്ത് 2001-02 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ SO61/01-ആയി ഉൾപ്പെടുത്തി ജെ.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പടയണിപ്പാറ-കൊട്ടമുടി റോഡ് ഉദ്ധാരണപണി എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികമായി 49,269 രൂപ നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 725 മീറ്റർ ബേസ് മെറ്റലിംഗും 222 മീറ്റർ സബ്ബേസ് മെറ്റലിംഗും നടത്തി റോഡ് ടാറിംഗ് ചെയ്യുവാൻ ആണ് പദ്ധതിക്ക് രൂപം നൽകിയിരുന്നത്. 725 മീറ്റർ നീളത്തിൽ 3.20 മീറ്റർ വീതിയിൽ റീമെറ്റലിംഗ് നടത്തുന്നതിന് $10m^2$-ന് ഒരു എം$^3$ മെറ്റൽ സ്റ്റോക്ക് ചെയ്തതായി അളവിൽ രേഖപ്പെടുത്തി തുക കൺവീനർക്ക് നൽകുകയുണ്ടായി. റീമെറ്റലിംഗ് ആയതിനാൽ 0.5 എംക്യൂബ് മെറ്റൽ $10m^2$-ന് മതിയാകുമെന്നിരിക്കെ $10m^2$-ഒരു എംക്യൂബ് മെറ്റൽ സ്റ്റോക്ക് ചെയ്തതുവഴി 36,480.60 രൂപയും ആദ്യ മെറ്റലിംഗിന് അർഹമായ നിരക്ക് റീമെറ്റലിംഗിന് നൽകിയതുമൂലം 4,521.10 രൂപയും ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റീമെറ്റലിംഗിനുള്ള ഡാറ്റായും പഴയ മെറ്റൽ ചെയ്ത ഉപരിതലം കുത്തിയിളക്കുന്നതിനുള്ള കൂലി ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യം കണക്കിലെടുക്കാതെ ടി പ്രവൃത്തി പ്രത്യേക ഇനമായി ചെയ്ത് പ്രതിഫലം നൽകിയത് നിമിത്തം 7,245 രൂപയും റോഡിന്റെ കാന നിർമ്മാണത്തിന് ഡാറ്റാ 57-ന് പകരം 52 പ്രകാരമുള്ള നിരക്ക് നൽകിയതിനാൽ 1,022.40 രൂപയും ഉൾപ്പെടെ ആകെ 49,269 രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

79. സൈറ്റ് പരിശോധന നടത്തിയതിനുശേഷം സൈറ്റിലെ നിലവിലുള്ള സാഹചര്യം മനസ്സിലാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് പ്രകാരം മുമ്പ് മെറ്റലിംഗ് ഉണ്ടായിരുന്നതും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ മുമ്പുണ്ടായിരുന്ന മെറ്റലിംഗ് പൂർണ്ണമായും തകർന്നതായി പറയുന്ന 725m. നീളംവരുന്ന ഭാഗത്തും റീമെറ്റലിംഗ് നടത്തുന്നതിന് പ്രാരംഭ മെറ്റലിംഗിന് നിശ്ചയിച്ചിട്ടുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. റോഡിന്റെ ഈ ഭാഗത്ത് മുൻപ് മെറ്റലിംഗ് നടത്തിയ വകയിൽ അവശേഷിക്കുന്ന മെറ്റൽ കുത്തിയിളക്കുന്നതിനുള്ള നിരക്കും നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുൻപ് ഉണ്ടായിരുന്നതും കുത്തിയിളക്കിയപ്പോൾ ലഭ്യമായതും കഴിച്ചുള്ള മെറ്റൽ മതിയെന്നിരിക്കെ മുഴുവൻ മെറ്റലും പുതുതായി വാങ്ങി സ്റ്റോക്ക് ചെയ്യുവെന്നുകാണിച്ച് ബിൽ തയ്യാറാക്കി പണം നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പണിപൂർത്തീകരിച്ച് അളവ് എടുത്ത് ബിൽ തയ്യാറാക്കിയതിലും ഉണ്ടായ പിഴവാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ ശ്രീ. സി. കെ. കൃഷ്ണൻകുട്ടി ആചാരിയുടെ ഭാഗത്തും എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ച് അംഗീകാരം നൽകിയപ്പോൾ പിഴവുകൾ കണ്ടെത്താതെ എസ്റ്റിമേറ്റിന് അതേപടി സാങ്കേതികാനുമതി നൽകിയ ബ്ലോക്കുതല സാങ്കേതിക സമിതിയും എസ്റ്റിമേറ്റിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട ഡി.ആർ.ഡി.എ. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരുപോലെ ഉത്തരവാദികൾ ആണ്.

80. നിലവിൽ ഈ റോഡ് പരിശോധിച്ചതിൽ ഗതാഗതയോഗ്യമാണെന്ന് കാണുന്നു 2000-01 പഞ്ചായത്ത് ഈ റോഡിൽ പ്രവൃത്തി ചെയ്തതിനുശേഷം കേരള പൊതുമരാമത്ത് വകുപ്പ് 2011-12-ൽ റോഡിൽ ടാറിംഗ് നടത്തിയപ്പോഴും 2000-01-ൽ ചെയ്തതും തകരാത്തതുമായ ഭാഗങ്ങൾ ഒഴിവാക്കിയുമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. അധികമായി കൺവീനർക്ക് 49,269 രൂപ നൽകാൻ ഇടയായ സാഹചര്യം നീതീകരിക്കത്തക്കതല്ല. മേൽ സാഹചര്യത്തിൽ 49,269 രൂപ കൺവീനർക്ക് അധികമായി നൽകിയത് നിരാകരിച്ചിട്ടുള്ള ഓഡിറ്റിന്റെ നടപടി സാങ്കേതികമായി ശരിയാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

**81. പടയണിപ്പാറ-കൊട്ടുമുടിറോഡ് ജെ.ആർ.വൈ. പദ്ധതി പ്രകാരം 1992-93-ൽ ടാർ ചെയ്തിരുന്നുവെന്നും 1998-99-ൽ പ്രസ്തുത റോഡ് ഉദ്ധാരണപ്രവൃത്തിയായി ഏറ്റെടുക്കുമ്പോൾ കുറെഭാഗം പൂർണ്ണമായും തകർന്നിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം പൂർണ്ണമായി റോഡ് തകർന്ന സ്ഥലത്തിന്റെ ടാറിംഗിനും ഭാഗികമായ അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥലത്തിനും ഒരേ നിരക്ക് അനുവദിച്ചതിലൂടെയും പൂർണ്ണമായി തകർന്ന സ്ഥലത്തെ മെറ്റലിംഗ് കൊത്തിയിളക്കുന്നതിനെന്ന് കാണിച്ച് പ്രത്യേക തുകയും കാന നിർമ്മാണത്തിന് ചട്ടവിരുദ്ധമായ നിരക്കും അനുവദിച്ചതിലൂടെ ആകെ 49,269 രൂപ അധികം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.**

82. **പ്രവൃത്തി സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചതിൻപ്രകാരം സർക്കാർ ലഭ്യമാക്കിയ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരം മുമ്പ് മെറ്റലിംഗ് ഉണ്ടായിരുന്നതും മെറ്റലിംഗ് പൂർണ്ണമായി തകർന്നതായി പറയുന്ന 725 മീ. നീളം വരുന്ന ഭാഗത്ത് റീ മെറ്റലിംഗ് നടത്തുന്നതിന് പ്രാരംഭ മെറ്റലിംഗിന് നിശ്ചയിച്ചിട്ടുള്ള നിരക്കാണ് നൽകിയിരിക്കുന്നതെന്നും മുൻപ് ഉണ്ടായിരുന്നതും കുത്തിയിളക്കിയപ്പോൾ ലഭ്യമായത് കഴിച്ചുള്ള മെറ്റൽ മതിയെന്നിരിക്കെ മുഴുവൻ മെറ്റലും പുതുതായി വാങ്ങി സ്റ്റോക്ക് ചെയ്തുവെന്നും കാണിച്ച് ബിൽ തയ്യാറാക്കി പണം നൽകിയതിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പണി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയതിലും പിഴവ് സംഭവിച്ചതായും എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറും എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ ബ്ലോക്കുതല സാങ്കേതിക സമിതിയും എസ്റ്റിമേറ്റിൽ ഒപ്പ് രേഖപ്പെടുത്തിയ പത്തനംതിട്ട ഡി.ആർ.ഡി.എ. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരുപോലെ ഉത്തരവാദികളാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ അധികമായി കൺവീനർക്ക് 49,269 രൂപ നൽകാനിടയായ സാഹചര്യം നീതീകരിക്കത്തക്കതല്ലെന്നും ആയത് നിരാകരിച്ച ഓഡിറ്റിന്റെ നടപടി ശരിയാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ലോക്കൽ ഫണ്ട് ഓഡിറ്റ് അധികാരികൾ മുമ്പാകെ നേരിട്ട് ഹാജരായി പ്രവൃത്തിക്ക് അധികം**

മെറ്റീരിയൽസ് ഉപയോഗിച്ചതിന് വിശദീകരണം നൽകിയെന്നും പ്രസ്തുത വിശദീകരണം തൃപ്തികരമാണെന്നും പരാമർശം തീർപ്പാക്കി ടിയാനെ ബാധ്യതയിൽനിന്നും ഒഴിവാക്കാവുന്നതാണെന്നുമാണ് 30-7-2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.2159/സ്പ്യ.സെൽ ജി2/2012-ാം നമ്പർ കത്തിലൂടെ ശിപാർശ ചെയ്തിരിക്കുന്നത്. ഓഡിറ്റ് ഖണ്ഡികയിലെ ഓഡിറ്റിന്റെ നിഗമനത്തോട് തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് പത്തനംതിട്ട ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ യോജിപ്പ് പ്രകടിപ്പിക്കുകയും എന്നാൽ ഓഡിറ്റ് മുൻ നിലപാടിൽനിന്നും വ്യതിചലിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ എന്തടിസ്ഥാനത്തിലാണ് അസി. എഞ്ചിനീയറുടെ വിശദീകരണം തൃപ്തികരമാണെന്ന നിഗമനത്തിൽ പരാമർശം തീർപ്പാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തതെന്നും പ്രസ്തുത വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കണ മെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. പൂർണ്ണമായി തകർന്ന റോഡ് അറ്റകുറ്റപ്പണി എന്ന നിലയ്ക്ക് തുക നൽകിയതിനുശേഷം നിലവിലുള്ളത് കൊത്തിയിളക്കിയ പ്രവൃത്തിക്ക് കൂടി തുക നൽകിയത് ഉചിതമല്ലെന്നും എന്നാൽ അവയിലേതെങ്കിലുമൊന്നിന് അർഹതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ റോഡ് പൂർണ്ണമായി തകർന്നിരുന്നുവെങ്കിൽ ആയതിന് ചട്ടപ്രകാരമുള്ള തുക അനുവദിക്കേണ്ട താണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ 49,269 രൂപ അധികമായി ചെലവുണ്ടായെന്ന ഓഡിറ്റ് ഖണ്ഡികയിലെ അഭിപ്രായത്തോട് പൂർണ്ണമായി സമിതി യോജിക്കുന്നില്ലെങ്കിലും ഈ പ്രവൃത്തിയിൽ ഒരു തുക നഷ്ടമുണ്ടായിട്ടുണ്ടെന്ന് കരുതുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ അനർഹമായി നൽകിയ തുകയെത്രയെന്നു കണക്കാക്കി ആയത് ബന്ധപ്പെട്ട കൺവീനറിൽ നിന്നോ ടിയാനിൽ നിന്നോ ഈടാക്കുവാൻ സാധിക്കാത്തപക്ഷം അധിക തുക നൽകിയതിലൂടെ, നഷ്ടം വരുത്തിയതിനുത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്കുതല സാങ്കേതിക സമിതി, പത്തനംതിട്ട ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നോ പലിശ സഹിതം തുല്യമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സ്ഥിരനിക്ഷേപം നടത്തുന്നതിനായി 1,00,000 രൂപ പിൻവലിച്ചത് സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവം**

ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക നമ്പർ 2.12

21-3-2002-ലെ 592201-ാം നമ്പർ ചെക്ക് പ്രകാരം തനതു ഫണ്ടിൽനിന്നും ഒരു ലക്ഷം രൂപ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, റാന്നി ബ്രാഞ്ചിൽ

സ്ഥിരനിക്ഷേപം ഇടുന്നതിലേക്കായി പിൻവലിച്ചിട്ടുണ്ട്. ഈ തുക സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ സ്ഥിരനിക്ഷേപ രസീതുൾപ്പെടെയുള്ള യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. നിക്ഷേപ രജിസ്റ്റർ പ്രകാരം 7-5-2002-ലാണ് നിക്ഷേപം പിൻവലിക്കേണ്ടത്. എന്നാൽ ഈ തീയതിയിലോ അതിനു ശേഷമോ നിക്ഷേപം പിൻവലിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചതായോ നിക്ഷേപം പുതുക്കിയതായോ യാതൊരു രേഖയും ഇല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.22.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് പഴവങ്ങാടി ഗ്രാമപഞ്ചായത്തിനുപകരം റാന്നി പഞ്ചായത്തെന്ന് സമാഹൃത റിപ്പോർട്ടിൽ തെറ്റായി രേഖപ്പെടുത്തിയിരുന്നതായിരുന്നുവെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. 2001, 2002 വർഷങ്ങളിലെ ഓഡിറ്റ് അദാലത്ത് പഴവങ്ങാടിയിൽ വച്ച് നടന്നപ്പോൾ പലിശയുൾപ്പെടെ 1,04,783 രൂപ 23-12-2002-ൽ എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണെന്ന് ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത അദാലത്തിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അംഗീകരിച്ചതാണെന്നും അദ്ദേഹം തുടർന്നറിയിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

84. **പഴവങ്ങാടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ റാന്നി ഗ്രാമപഞ്ചായത്ത് എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്ന് തെളിവെടുപ്പുവേളയിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. 2001-2002 വർഷത്തെ ഓഡിറ്റ് അദാലത്ത് നടന്നപ്പോൾ പലിശയുൾപ്പെടെ 1,04,783 രൂപ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന വിവരം ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത പരാമർശത്തിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കവിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമസഭയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക നമ്പർ 3-17

വെറ്ററിനറി സർജൻ 2000-01 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ കാലിത്തൊഴുത്ത് നിർമ്മാണത്തിനായുള്ള പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 80 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തതും സെക്രട്ടറി സ്വന്തംനിലയിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമുള്ള 49 പേർക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 1,000 രൂപവീതം 49,000 രൂപ യാണ് ഇപ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക നമ്പർ 3.23.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് ഗവൺമെന്റിൽനിന്നും സാധൂകരണം വാങ്ങിയിട്ടാണോ എന്നും മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ടാണോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്നും സമിതി ആരാഞ്ഞു. ഗവൺമെന്റിന്റെ സാധൂകരണം വാങ്ങിയിരുന്നില്ലെന്നും ഗുണഭോക്താക്കളുടെ ലിസ്റ്റിൽനിന്നും 42 പേരെ ഗ്രാമസഭ തെരഞ്ഞെടുത്തതാണെന്നും മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതുകൊണ്ട് 7 പേരെ ഉൾപ്പെടുത്തി പഞ്ചായത്ത് ഭരണ സമിതിയാണ് തീരുമാനം എടുത്തതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

86. നോംസ് അനുസരിച്ചല്ലേ അങ്ങനെ എടുക്കുവാൻ കഴിയുകയുള്ളൂ എന്നും കമ്മിറ്റി എടുത്ത തീരുമാനം തെറ്റല്ലേ എന്നും അതിനുത്തരവാദി സെക്രട്ടറി അല്ലേ എന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നു എന്നും സമിതി ആരാഞ്ഞു ശ്രീമതി മേരിക്കുട്ടിയായിരുന്നു അന്നത്തെ സെക്രട്ടറി എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇതുസംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശാനുസരണം 27698/എബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം സർക്കാർ നൽകിയ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

87. കവിയൂർ ഗ്രാമപഞ്ചായത്തിലെ 2001-2002 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായ കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 51,662 രൂപയും തനത് ഫണ്ടിൽനിന്നും 28,338 രൂപയും ചേർത്ത് ആകെ 80,000 രൂപയിൽ 1,000 രൂപ വീതം 80 ഗുണഭോക്താക്കൾക്ക് നൽകുവാനാണ് വിഭാവനം ചെയ്തത്. ടി പ്രോജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജനായിരുന്നു. കാലിത്തൊഴുത്ത് നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ തൊഴുത്ത് പരിശോധിച്ച് തുകയായ 1,000 രൂപ വീതം അനുവദിക്കുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിറ്റ്സ് പരിശോധിച്ചതിൽ ധനസഹായം ലഭിച്ച 49 പേരിൽ 42 പേരും ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളാണ്. ടി പദ്ധതിയിൽ ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ കൂടാതെ II, III, VII വാർഡുകളിൽ പുറത്തുനിന്നും ഗുണഭോക്താക്കളെക്കൂടി കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളുടെയും പേര് 29-1-2002-ലെ 1 (1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചതായി കാണുന്നു. 80 പേർക്ക് ആനുകൂല്യം നൽകുവാനാണ് തീരുമാനിച്ചതെങ്കിലും മതിയായ ഗുണഭോക്താക്കൾ ലഭ്യമല്ലാത്തതിനാലാണ് ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുത്ത 42 ഗുണഭോക്താക്കൾ ഉൾപ്പെടെ 49 പേർക്ക് ആനുകൂല്യം നൽകിയതെന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഗ്രാമസഭ മുഖാന്തിരം തെരഞ്ഞെടുക്കാത്തതും എന്നാൽ ആനുകൂല്യം കൈപ്പറ്റിയതുമായ 7 ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

ശ്രീ. ഇട്ടിയവിര, കാനാത്തറകിഴക്കേതിൽ. തോട്ടഭാഗം, വാർഡ് 7

ശ്രീ. വി. കെ. തോമസ് കുട്ടി, വടശ്ശേരിൽ, തോട്ടഭാഗം, വാർഡ് 7

ശ്രീ. ബാബു മാത്യു, അടിച്ചിറ തെക്കേതിൽ. തോട്ടഭാഗം, വാർഡ് 7

ശ്രീ. വത്സൻ വർഗ്ഗീസ്, കൊച്ചുതെക്കേതിൽ, തോട്ടഭാഗം, വാർഡ് 7

ശ്രീ. കെ. കെ. മത്തായി, മാമരുത്ത്, കൊറ്റിക്കൽ, കവിയൂർ വാർഡ് 7

ശ്രീമതി സൂസൻ സണ്ണി, മാമരുത്ത് കോട്ടൂർ, വാർഡ് 2

ശ്രീമതി മേരിക്കുട്ടി ജോൺ, പുന്നലത്ത്മേലേതിൽ കോട്ടൂർ, വാർഡ് 2.

88. ടി കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജനായിരുന്ന ഡോ. സി. ഗോപകുമാർ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ശ്രീ. റ്റി. കെ. സജീവ് (പ്രസിഡന്റ്), ശ്രീ. കെ. ദിനേശ് (വൈസ് പ്രസിഡന്റ്), ശ്രീമതി അമ്മുകുട്ടി ശാന്തകുമാർ, (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ), ശ്രീ. പ്രകാശ് ഗ്രാവിളയിൽ (സ്റ്റാന്റിംഗ് ചെയർമാൻ), ശ്രീ. സജീവ് ഉമ്മൻ, ശ്രീ. റ്റി. കെ. തുളസീദാസ്, ശ്രീ. പ്രസന്നകുമാർ വി. എസ്., ശ്രീമതി കുഞ്ഞുകുഞ്ഞമ്മ ഫിലിപ്പോസ്, ശ്രീമതി അന്നമ്മ മാത്യു, ശ്രീമതി സൂസ്സൻ വർഗ്ഗീസ് എന്നിവരും പഞ്ചായത്ത് സെക്രട്ടറി ജെ. മേരിലതയുമാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

89. 2000-2001 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ കാലിത്തൊഴുത്ത് നിർമ്മാണത്തിനായുള്ള പദ്ധതിയിൽ ഗ്രാമസഭയിൽനിന്നും ഗുണഭോക്താക്കളായി, 80 പേരെ തെരഞ്ഞെടുത്തുവെങ്കിലും ധനസഹായം നൽകിയ 49 പേരിൽ 7 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. സമിതിയോഗം ആവശ്യപ്പെട്ടതിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ധനസഹായം ലഭിച്ച 49-ൽ 42 പേരും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിലാണ് ഗ്രാമസഭയിൽനിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ കൂടാതെ 7 പേർക്കുകൂടി ആനുകൂല്യം നൽകിയതെന്നും ആയത് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണെന്നും വ്യക്തമാകുന്നു. ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തി പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നത് ഉചിതമായ നടപടിയല്ലെന്നും അത്തരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്ന നടപടി നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കരുതെന്നും അങ്ങനെ ചെയ്യുന്നപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതായി വരുമെന്നും സമിതി ഓർമ്മിപ്പിക്കുന്നു. പരാമർശവിധേയമായ സംഗതിയിൽ മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പദ്ധതിക്കായി മാറ്റിവച്ച തുകയിൽനിന്നും പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമാണ് നൽകിയതെന്നത് മുൻനിർത്തി ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തത്—പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് 1997-1998 ഖണ്ഡിക നമ്പർ 2-1

1997-1998 വർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള വിവരങ്ങൾ ഒന്നും തന്നെ കെട്ടിടനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. 1997-1998 മുതൽ 2004-2005 വർഷം വരെ ഈ ഇനത്തിൽ 1,00,476 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം തുടർന്നുള്ള വർഷങ്ങളിലും തുടർന്നു വരുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.24.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. കെട്ടിട നികുതിയിനത്തിലെ നഷ്ടം ഈടാക്കാൻ എന്തെല്ലാം നടപടിയെടുത്തുവെന്ന് സമിതി ആരാഞ്ഞതിന് ഓഡിറ്റ് നടക്കുന്ന സമയത്ത് അരിയർ ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിട്ടില്ലായിരുന്നെന്നും എന്നാൽ ഓഡിറ്റ് റിപ്പോർട്ട് വരുന്നതിനുമുമ്പ് തന്നെ ഇത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നെന്നും അന്നത്തെ ഉദ്യോഗസ്ഥർക്ക് അത് ബോധ്യപ്പെടുത്തുവാൻ കഴിയാതെ പോയതാണ് ഓഡിറ്റ് പരാമർശത്തിന് കാരണം എന്നും വെച്ചൂച്ചിറ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയത് പരിശോധിക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ശരിയാണെന്ന് ബോധ്യപ്പെട്ടാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

91. സമിതി നിർദ്ദേശാനുസരണം 27968/എബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ ഓഡിറ്റ് പരാമർശത്തിന് നിദാനമായ രജിസ്റ്ററുകൾ പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**92. 1997-1998 വർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ കെട്ടിടനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി ഈടാക്കാഞ്ഞതിനാൽ 1997-1998 മുതൽ 2004-2005 വരെയുള്ള കാലയളവിൽ 1,00,476 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതായാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. ഓഡിറ്റ് നടക്കുന്ന സമയത്ത് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിരുന്നില്ലെന്നും ഓഡിറ്റ് റിപ്പോർട്ട് വരുന്നതിന് മുമ്പ് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നെന്നും ആയത് ഉദ്യോഗസ്ഥർക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയതാണ് പരാമർശത്തിന് കാരണമെന്നും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം പരാമർശവിധേയമായ രജിസ്റ്ററുകൾ പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായി അറിയിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഡിസംബർ 17.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 4 | കൊടുമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | 2003-2004-ലെ കുടുംബശ്രീ പദ്ധതികൾക്കായി 17,56,000 രൂപ ചെലവഴിച്ചതായും എന്നാൽ ക്യാഷ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബന്ധപ്പെട്ട വൗച്ചർ എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട ചാർജ്ജ് ഓഫീസറോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ സജ്ജമായിട്ടുണ്ടെന്ന് കുടുംബശ്രീ ഓഫീസർ അറിയിച്ച വിവരം 17-11-2008-ാം തീയതിയിലെ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതായി സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതു വരെയും ആയതു സംബന്ധിച്ച യാതൊരു മറുപടിയും സമിതിക്ക് ലഭ്യമായിട്ടില്ല. സമിതി യോഗത്തിൽ ഹാജരായി തെളിവ് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ യോഗത്തിൽ ഹാജരാകുകയുണ്ടായില്ല. പരാമർശ വിധേയനായ ചാർജ്ജ് ഓഫീസർക്കെതിരെ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തപക്ഷം സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയുണ്ടായി. പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടിയും തുക ഈടാക്കാനായി റവന്യൂ റിക്കവറി നടപടിയും സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 11 | കൊടുമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | ശക്തിമംഗലം ഗണപതിക്കുളം പുനരുദ്ധാരണത്തിന് അർഹമായ നിരക്കിനേക്കാൾ 26,637 രൂപ അധികമായി നൽകിയതായ പരാമർശത്തിനു കാരണം രണ്ടു താലൂക്കുകളിലെ റേറ്റുകൾ തമ്മിലുള്ള അന്തരമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് സംവിധാനം ഇല്ലാതിരുന്ന കാലഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ വകുപ്പിന്റെയും എഞ്ചിനീയർമാർ മുഖേനയാണ് എസ്റ്റിമേറ്റ് എടുത്തിരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചില സ്ഥലങ്ങളിൽ കൺവേയൻസ് ആക്ച്വലും ചിലയിടങ്ങളിൽ ശരാശരി റേറ്റുമാണ് കൊടുത്തിരുന്നത് എന്നും എസ്റ്റിമേറ്റ് പരിശോധിച്ച ടെക്നിക്കൽ കമ്മിറ്റി ആയത് അംഗീകരിച്ചിരുന്നെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യമായി. എന്നാൽ സർക്കാർ തലത്തിൽ മേൽനടപടികൾക്കായി ഇക്കാര്യങ്ങൾ വിശദീകരിക്കപ്പെട്ടിരുന്നില്ലെന്നു നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സർക്കാർ മുമ്പാകെ സമർപ്പിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. |
| 3 | 12 | ,, | ഓഡിറ്റ് പരാമർശത്തിന് വിധേയനായ എഞ്ചിനീയറുടെ വിശദീകരണത്തിന്റെയും ആയതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ടിയാനെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചിരിക്കുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കാനുള്ള സർക്കാരിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഇക്കാര്യത്തിലുള്ള മേൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 15 | കൊടുമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | ഗ്രാമപഞ്ചായത്തിന്റെ ഇറച്ചി സ്റ്റാളുകൾ, ചന്തഗേറ്റ് ഫീസ് പിരിവ് ഉൾപ്പെടെ മാർക്കറ്റിന്റെ 2004-05-ലെ അവകാശം ലേലം ചെയ്തതിൽ മുൻവർഷത്തെ ലേലത്തുകയേക്കാൾ 1,01,170 രൂപയുടെ കുറവു വന്നതായി സമിതി നിരീക്ഷിച്ചു. എന്നാൽ ആദ്യ ലേലത്തുക കുറവായതിനാൽ രണ്ടാമതും ലേലം നടത്തിയിരുന്നുവെന്നും അതിലും ലേലത്തുക വർദ്ധിക്കാത്തതിനാലാണ് ലേലമുറപ്പിച്ചതെന്നും പുനർലേലം കഴിഞ്ഞാൽ ക്വട്ടേഷൻ വിളിക്കണമെന്ന വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പുനർലേലത്തിൽ ആരും പങ്കെടുക്കുന്നില്ലെങ്കിൽ മാത്രമേ ക്വട്ടേഷൻ ക്ഷണിക്കുവാൻ കഴിയുകയുള്ളുവെന്നും 2003-04-ലെ ലേലത്തിൽ പങ്കെടുത്തവർ തമ്മിലുള്ള മത്സരംമൂലമാണ് പ്രസ്തുത വർഷം കൂടുതൽ തുക ലേലത്തിൽ ലഭിച്ചതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. |
| 5 | 16 | ,, | 2002-2003-ലേതിനേക്കാൾ ഇരട്ടിയിലധികം തുകയ്ക്കാണ് 2003-04-ൽ ലേലം വിളിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി 2004-05-ൽ 2001-02, 2002-03 എന്നീ വർഷങ്ങളിലേതിനേക്കാൾ ലേലത്തുക കുറഞ്ഞിട്ടില്ലെന്നും മറിച്ച് ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിലയിരുത്തുന്നു. ആയതിൽനിന്നും ഗ്രാമപഞ്ചായത്തിന്റെയും സ്റ്റേറ്റ് പെർഫോമൻസ് ഓഫീസറുടെയും മറുപടി യുക്തിസഹമാണെന്നും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്ന തരത്തിൽ ബോധപൂർവ്വമായ ഒരു ശ്രമവും പഞ്ചായത്തിന്റെയോ സെക്രട്ടറിയുടെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ഉദ്യോഗസ്ഥരുടെ വിശദീകരണം പരിഗണിക്കപ്പെടേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 23 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് എസ്.ജി.എസ്.വൈ.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായും തൊഴിൽ സംരംഭത്തിൽ രേഖകളും പ്രോജക്ട് റിപ്പോർട്ട്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകളും ഹാജരാക്കുമ്പോൾ 50% സബ്സിഡിയായിട്ടാണ് തുക നൽകേണ്ടതെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ മാർഗ്ഗരേഖകൾ ലംഘിച്ചാണ് കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്തതെന്ന് നിരീക്ഷിച്ച സമിതി എല്ലാ രേഖകളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം സർക്കാർ നൽകിയ മറുപടിയിൽ 2002-03 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 2001-02 സ്പിൽ ഓവർ പദ്ധതിയിലെ 2,87,500 രൂപയും 2002-03-ലെ പദ്ധതി തുകയായ 2,00,000 രൂപയും ചേർത്ത് ആകെ 4,87,500 രൂപ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്തതായും തുക കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ സ്ത്രീകളുടെ അഭിവൃദ്ധിക്കും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് വരുമാനദായക പ്രവൃത്തികളിൽ ഏർപ്പെടുന്നതായും ആവശ്യപ്പെടുന്നപക്ഷം റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കാൻ പര്യാപ്തമാണ് ടി യൂണിറ്റുകളെന്നും വി.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ കുടുംബശ്രീ യൂണിറ്റുകളിൽ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന പ്രവണത ഉള്ളതായി സമിതി നിരീക്ഷിക്കുന്നു. സർക്കാർ ധനസഹായം കൈപ്പറ്റുന്ന എല്ലാ കുടുംബശ്രീ യൂണിറ്റുകളും മിനിട്സും മറ്റ് അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ പരാമർശ വിധേയമായ എല്ലാ കുടുംബശ്രീ യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായുള്ള സർക്കാർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | 31 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് 2002-03-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി മേഖലയിലും പൊതുവിഭാഗത്തിലുമായി നടപ്പാക്കിയ സി.എഫ്. വിളക്കുകൾ സ്ഥാപിക്കൽ പദ്ധതികൾക്കായി ആകെ 2,86,035 രൂപ (സി.എഫ്. വിളക്കുകളുടെ വില 2,64,735 രൂപ വിളക്കുകൾ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.-യിൽ അടച്ച തുക 21,300 രൂപ) ചെലവാക്കിയതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നടന്ന സമിതിയുടെ തെളിവെടുപ്പ് വേളയിൽ വ്യക്തമായ മറുപടി ലഭിക്കാത്തതിനെത്തുടർന്ന് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാർ മുഖേന സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൻപ്രകാരം രണ്ടു പദ്ധതികൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നതായി സമിതിക്ക് ബോധ്യമായി. എന്നാൽ, പട്ടികജാതി മേഖലയിലെ പ്രോജക്ടിന്റെ ധനകാര്യ വിശകലനത്തിൽ പറഞ്ഞിട്ടുള്ള തുകയും അടങ്കൽ തുകയും പൊരുത്തപ്പെടുന്നില്ല എന്ന ഡെപ്യൂട്ടി ഡയറക്ടറുടെ നിഗമനം സമിതി ഗൗരവമായി വീക്ഷിക്കുന്നു. കൂടാതെ പദ്ധതികൾക്കായി വാങ്ങിയതും സൗജന്യമായി കമ്പനി നൽകിയതും സ്ഥാപിച്ചതുമായ വിളക്കുകളുടെ കണക്കുകളും പൊരുത്തപ്പെടുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | 32 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 2002-2003 വാർഷിക പദ്ധതിക്കുള്ള സി.എഫ്. വിളക്കുകൾ 2003 മാർച്ചിൽ വാങ്ങിയതിനുശേഷം അവ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യിൽ തുക അടയ്ക്കുവാൻ 8 മാസം കാലതാമസം വരുത്തിയതിനും കെ.എസ്.ഇ.ബി. വിളക്കുകൾ സ്ഥാപിക്കുന്നതിന് വീണ്ടും 4 മാസം താമസിച്ചതിനുമുള്ള കാരണം വ്യക്തമാക്കുവാൻ സാധിച്ചിട്ടില്ല. യഥാസമയം വിളക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാത്തതിന്റെ ഫലമായി 50% വിളക്കുകൾ കേടായി എന്നു മാത്രമല്ല വാറന്റി കാലാവധി അവസാനിച്ചതിനാൽ കേടായവയ്ക്കു പകരം പുതിയവ മാറ്റി ലഭിക്കുന്നതിനുള്ള സാധ്യതയും ഇല്ലാതായി. ഇതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം തൻവർഷം മുതൽ ലഭിക്കാതിരിക്കുക മാത്രമല്ല പദ്ധതി തുകയുടെ 50%-വും നിഷ്ഫലമാകുകയും ചെയ്തു. 2004-05 വരെ കേടായ വിളക്കുകൾ മാറ്റി സ്ഥാപിക്കാത്തതിനാൽ റിപ്പയർ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്ന വാദം യുക്തിസഹമല്ല. 2004-05-നുശേഷം ഏതെങ്കിലും ഒരു അവസരത്തിൽ അവ റിപ്പയർ ചെയ്ത് പുതിയവ സ്ഥാപിക്കപ്പെടുമെന്നതിനാൽ ആയിനത്തിൽ ഭാവിയിൽ ചെലവ് വരുമെന്നത് നിസ്തർക്കമാണ്. അംഗീകൃത സ്ഥാപനത്തിൽനിന്നും സാമ്പിൾ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതും 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നിലനിർത്തി ഗ്യാരണ്ടി പിരീഡിനുശേഷം മാത്രം നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതും പൂർത്തീകരണ സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭ്യമല്ലാതിരുന്നതും സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. സി.എഫ്. വിളക്കുകൾ ലഭ്യമായാലുടൻ സമയബന്ധിതമായി അവ സ്ഥാപിക്കുവാൻ കഴിയുന്ന വിധത്തിൽ കെ.എസ്.ഇ.ബി.-യിൽ തുക അടയ്ക്കുകയും ധാരണയിലെത്തുകയും ചെയ്തിരുന്നുവെങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | 33 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | ഓഡിറ്റിൽ പരാമർശവിധേയമായ പദ്ധതിയുടെ നടത്തിപ്പിൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥയും വീഴ്ചയുമുണ്ടായതായും ആയത് പദ്ധതി പാഴ്ചെലവിനും പദ്ധതിലക്ഷ്യം നിറവേറ്റുന്നതിലെ പരാജയത്തിനും കാരണമായതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി യഥാസമയം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ ഫലമായുണ്ടായ നഷ്ടത്തിനുത്തരവാദികളായവരെ കണ്ടെത്തുവാനും മാതൃകാപരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 36 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് കോൺഫറൻസ് ഹാൾ നിർമ്മാണത്തിന് ഗുണഭോക്തൃസമിതി രൂപീകരിക്കുകയും കൺവീനർക്ക് സമാഹരണ മുൻകൂറായി 50,000 രൂപ നൽകുകയും ചെയ്തെങ്കിലും ടിയാൾ ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുകയോ മുൻകൂർ തുക തിരികെ അടയ്ക്കുകയോ ചെയ്യാത്തതിന്റെ ഫലമായി പഞ്ചായത്തിന് പ്രസ്തുത തുക നഷ്ടപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. മുൻകൂർ നൽകിയ തുക 12% പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി ആരംഭിച്ചെങ്കിലും ടിയാന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കളൊന്നുമില്ലാത്തതിനാൽ കേവലം 1,666 രൂപ മാത്രം ഈടാക്കി നടപടി അവസാനിപ്പിച്ചതായാണ് അധികവിവര റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | 37 | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന പദ്ധതികളിൽ ബഹുഭൂരിപക്ഷവും ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രാവർത്തികമാക്കുന്നത്. എന്നാൽ സമിതി മുമ്പാകെ വരുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൺവീനർമാർ മുൻകൂർ തുക കൈപ്പറ്റുകയും പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതുമായ നിരവധി സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതായാണ് കാണുന്നത്. തത്ഫലമായി പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ പോകുകയും സർക്കാർ പണം ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു. മുൻകൂറായി പണം കൈപ്പറ്റുന്ന കൺവീനർമാർ പലപ്പോഴും തുക തിരിച്ചടയ്ക്കാൻ വൈമുഖ്യം കാട്ടുകയോ തിരിച്ചടയ്ക്കാൻ പ്രാപ്തിയില്ലാത്തവരായോ കാണപ്പെടുന്നു. ഇത് ശരിയായ പ്രവണതയല്ല. പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന പണം നിർദ്ദിഷ്ടകാര്യത്തിന് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടേണ്ടത് അനിവാര്യമാണ്. അനുവദിച്ച പണം അങ്ങനെ വിനിയോഗിക്കപ്പെടാത്തപക്ഷം കൈപ്പറ്റിയ തുക നിയമം അനുശാസിക്കും പ്രകാരമുള്ള പലിശ സഹിതം സർക്കാർ ഖജനാവിലേക്ക് തന്നെ തിരികെ അടയ്ക്കപ്പെടേണ്ടതാണ്. ആയതിനാൽ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികൾക്കായി കൺവീനർമാർക്ക് മുൻകൂർ നൽകുമ്പോൾ പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം പ്രസ്തുത തുക പലിശ സഹിതം തിരികെ ഈടാക്കുവാനുള്ള വ്യവസ്ഥകൾക്ക് രൂപം നൽകേണ്ടത് അനിവാര്യമായിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വരശ്രദ്ധ പതിയേണ്ടതാണെന്നും ആയതിനുവേണ്ട നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | 39 | മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് വിതരണം ചെയ്യാതെ അവശേഷിച്ച 28,800 രൂപ 14-9-2000-ൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ മല്ലപ്പള്ളി ശാഖയിൽ പഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട് എന്ന സർക്കാരിന്റെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 46 | ആറന്മുള ഗ്രാമപഞ്ചായത്ത് | ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ മോഷണം പോയതായി രേഖപ്പെടുത്തിയിട്ടുള്ള ചെക്ക് മുഖേന 50,000 രൂപ ജനറൽ പി.ഡി. അക്കൗണ്ടിൽ നിന്നും അപഹരിക്കപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു. ചെക്ക് മോഷണത്തിലൂടെ 50,000 രൂപ അപഹരിച്ചതിൽ കുറ്റക്കാരനായി കണ്ടെത്തിയ പ്യൂണിനെതിരെ വിജിലൻസ് കേസ് നടന്നുവരുന്നതായും ടിയാനെതിരെ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചതായും കേസിന്റെ ചാർജ്ജ് ഷീറ്റ് എൻക്വയറി ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സമർപ്പിച്ചതായും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ടിയാനെതിരെയുള്ള പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും വിധിപ്രകാരം നടപടി സ്വീകരിക്കുവാനും റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 47 | ,, | തൊഴിലില്ലായ്മ വേതനം വിതരണത്തിന് ആവശ്യമായതിലും അധികം തുക പിൻവലിച്ചതും പ്രസ്തുത തുകയും വിതരണം ചെയ്തതിനുശേഷം മിച്ചം വന്ന തുകയും കയ്യിൽ സൂക്ഷിക്കുകയും ചെയ്ത സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. അധികം പിൻവലിച്ച തുക ബന്ധപ്പെട്ട സെക്രട്ടറി 9-10-2001-ൽ ചെലാൻ പ്രകാരം ചെങ്ങന്നൂർ സബ്ട്രഷറിയിൽ അടച്ചതായും 30-4-2006-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | 50 | ആറന്മുള ഗ്രാമപഞ്ചായത്ത് | ആറന്മുള ഗ്രാമപഞ്ചായത്തിൽ 2000-2001, 2001-2002 കാലയളവിൽ തൊഴിൽരഹിത വേതനം, പെൻഷൻ എന്നിവയുടെ വിതരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നുവെന്ന ഓഡിറ്റ് പരാമർശത്തെ സമിതി ഗൗരവമായി വീക്ഷിക്കുന്നു. പരാമർശിത ഓഡിറ്റ് ഖണ്ഡികയിൽ ഒരു ഉദാഹരണമാണ് സൂചിപ്പിച്ചിട്ടുള്ളതെങ്കിലും ക്രമക്കേടുകൾ അതിലൊതുങ്ങുന്നതല്ല എന്ന് സമിതി ന്യായമായും സംശയിക്കുന്നു. ഒരേ വ്യക്തിക്ക് തന്നെ രണ്ടാനുകൂല്യങ്ങൾ നൽകിയെന്നത് തന്നെ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതുപോലെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ മതിയായ അന്വേഷണം നടത്തുന്നില്ല എന്നതിന്റെ തെളിവാണ്. തൊഴിൽരഹിത വേതനം, പെൻഷൻ എന്നിവയ്ക്കുള്ള അപേക്ഷകളിന്മേൽ ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്ന് ഓഡിറ്റിന് സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചിപ്പിച്ചിരിക്കുന്നു. ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമം പാലിച്ച മാത്രമേ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് സമിതി നിഷ്കർഷിക്കുന്നു. ഒരേ കാലയളവിൽ ഒരു വ്യക്തിക്ക് തന്നെ രണ്ട് ക്രമനമ്പരുകളിലായി വികലാംഗ പെൻഷനും തൊഴിൽരഹിത വേതനവും നൽകിയ തുകയിൽ അധികമായി ഗുണഭോക്താവ് കൈപ്പറ്റിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടെന്നും പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും രേഖകളുടെ പകർപ്പുകൾ സഹിതം ഹാജരാക്കിയതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ തടസ്സങ്ങളിന്മേൽ അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | 59 | പ്രമാടം ഗ്രാമപഞ്ചായത്ത് | പ്രമാടം ഗ്രാമപഞ്ചായത്തിൽ 1998-1999-ലെ മണൽ ശേഖരണം, ഇറച്ചി വ്യാപാരം, കിസ്റ്റ് പിരിക്കൽ എന്നിവയ്ക്കുള്ള അവകാശം ലേലം ചെയ്യുമ്പോൾ ലേലത്തുകയുടെ 5% വരുന്ന തുകയ്ക്ക് മുദ്രപ്പത്രത്തിൽ കരാർ വയ്ക്കാത്തതിനാൽ 68,859 രൂപ സർക്കാരിന് നഷ്ടമുണ്ടായതായി സമിതി വിലയിരുത്തുന്നു. എന്നാൽ ലേലത്തുക മുഴുവൻ അടച്ച് കരാർ വച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയൽ സെക്ഷൻ ക്ലാർക്കിന്റെ കൈവശമായിരുന്നെന്നും ഓഡിറ്റ് നടന്ന സമയത്തോ 21-3-2011-ലെ നോട്ടീസ് ലഭിക്കുന്നതുവരെയോ ഇപ്രകാരം ഒരു വീഴ്ച വന്ന വിവരം ആരും തന്നെ അറിയിച്ചിട്ടില്ലെന്നും പലതവണ ഓഫീസ് മാറ്റേണ്ടിവന്നതുമൂലം പ്രസ്തുത കരാർ നഷ്ടപ്പെട്ടതാകാമെന്നും തെളിവെടുപ്പ് വേളയിൽ മുൻ സെക്രട്ടറി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ 2008-ൽ ഉത്തരവാദികളായ ലേലക്കാർക്ക് നോട്ടീസ് അയച്ചെന്നും അവർ ആയതിന് മറുപടി നൽകിയില്ലായെന്നും ഫയലിൽ നിന്ന് മനസ്സിലാകുന്നുവെന്നും 1997-98-ലെ ലേലം സംബന്ധിച്ച ഫയലുകൾ യാതൊന്നും ലഭ്യമല്ലെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് സമയത്ത് അറിയിക്കാതിരുന്നതുമൂലമാണ് കരാർ രേഖകൾ യഥാസമയം ഹാജരാക്കാതിരുന്നതെന്നും പരാമർശകാലത്തെ സെക്രട്ടറി 2001-ൽ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നുമാണ് അറിയിച്ചിരിക്കുന്നത്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | 60 | പ്രമാടം ഗ്രാമപഞ്ചായത്ത് | ലേലവും ഓഡിറ്റും നടന്ന സമയം തമ്മിൽ വലിയ അന്തരമുള്ളതായി സമിതി കാണുന്നില്ല. 1998-99-ലേക്കുള്ള ലേലം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കാതിരിക്കുകയും കരാർ രേഖയുടെ അഭാവം ഓഡിറ്റ് ചൂണ്ടിക്കാണിച്ച് ആയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം വ്യക്തമാക്കുകയും ചെയ്ത സന്ദർഭത്തിൽ രേഖകൾ ഹാജരാക്കാതെ കരാർ വച്ചിരുന്നുവെന്ന് വാക്കാൽ മാത്രം ഉറപ്പ് പറയുന്നത് അംഗീകരിക്കത്തക്കതല്ല. ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം സർക്കാർ കാര്യങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതും അവ പാലിച്ചിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്. ഇത്തരം വീഴ്ചയുടെ ഫലമായി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ ബാധ്യത ഉത്തരവാദികളായ ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടതാണ്. സേവനത്തിൽ നിന്ന് വിരമിച്ചുവെന്നതുകൊണ്ട് പ്രസ്തുത ബാധ്യത ഇല്ലാതാകുന്നില്ല. ഇതു സംബന്ധിച്ച് 19-3-2012-ലെ പഞ്ചായത്ത് ഭരണസമിതിയുടെ നിഗമനങ്ങളോടും സമിതി യോജിക്കുന്നില്ല. ആയതിനാൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുകയ്ക്ക് കരാർവച്ച രേഖകൾ കണ്ടെത്തുകയോ അവ കണ്ടെത്താൻ കഴിയാത്തപക്ഷം ഓഡിറ്റ് ചൂണ്ടിക്കാട്ടിയതുപോലെ കരാർ വച്ചിരുന്നില്ല എന്ന നിഗമനത്തിൽ പ്രസ്തുത തുക സാധാരണ പലിശസഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ചട്ടപ്രകാരം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | 73' | സീതത്തോട് ഗ്രാമപഞ്ചായത്ത് | ഉറുമ്പിനി തോടിന് കുറുകെ പാലം നിർമ്മിക്കുന്നതിന് 11,85,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രാദേശിക നിരക്ക് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിനേക്കാൾ 49.5% ടെണ്ടർ അധികത്തിന് പ്രസ്തുത പ്രവൃത്തി കരാറുകാരന് നൽകുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം വസ്തുതയാണെന്ന് സമിതി വിലയിരുത്തുന്നു. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ പത്രത്തിൽ പരസ്യം ചെയ്ത് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത കരാറുകാരനുമായി നെഗോസിയേഷനിലൂടെയാണ് കരാർ ഉറപ്പിച്ചതെന്നും ടെണ്ടർ വേളയിൽ കരാറുകാർ EMD അടച്ചിരുന്നുവെന്നും മതിയായ വിവരങ്ങൾ രജിസ്റ്ററിലോ ടെണ്ടർ ഫയലിലോ മിനിട്സ് ബുക്കിലോ രേഖപ്പെടുത്താത്തതാണ് വീഴ്ചയെന്നും സമിതി വിലയിരുത്തുന്നു. അധിക പ്രവൃത്തി ചെയ്യുന്നതിന് മതിയായ അംഗീകാരം വാങ്ങാതിരുന്നത് വീഴ്ചയായി സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണ രേഖകൾ ചട്ടം അനുശാസിക്കുംവിധം സൂക്ഷിക്കുന്നില്ലായെന്നും യഥാസമയം ഓഡിറ്റിന് ഹാജരാക്കുന്നില്ലായെന്നും നിരീക്ഷിക്കുന്ന സമിതി ആയത് സംബന്ധിച്ച കർശന നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നു. പ്രസ്തുത പ്രവൃത്തിയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന സർക്കാർ ലഭ്യമാക്കിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 19 | 81 | ചിറ്റാർ ഗ്രാമപഞ്ചായത്ത് | പടയണിപ്പാറ-കൊട്ടുമുടിറോഡ് ജെ.ആർ.വൈ. പദ്ധതി പ്രകാരം 1992-93-ൽ ടാർ ചെയ്തിരുന്നുവെന്നും 1998-99-ൽ പ്രസ്തുത റോഡ് ഉദ്ധാരണ പ്രവൃത്തിയായി ഏറ്റെടുക്കുമ്പോൾ കുറേഭാഗം പൂർണ്ണമായും തകർന്നിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം പൂർണ്ണമായി റോഡ് തകർന്ന സ്ഥലത്തിന്റെ ടാറിംഗിനും ഭാഗികമായ അറ്റകുറ്റപ്പണി നടത്തേണ്ട സ്ഥലത്തിനും ഒരേ നിരക്ക് അനുവദിച്ചതിലൂടെയും പൂർണ്ണമായി തകർന്ന സ്ഥലത്തെ മെറ്റലിംഗ് കൊത്തിയിളക്കുന്നതിനെന്ന് കാണിച്ച് പ്രത്യേക തുകയും കാന നിർമ്മാണത്തിന് ചട്ടവിരുദ്ധമായ നിരക്കും അനുവദിച്ചതിലൂടെ ആകെ 49,269 രൂപ അധികം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. |
| 20 | 82 | ,, | പ്രവൃത്തി സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ ലഭ്യമാക്കിയ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ മറുപടിയിൽ എസ്റ്റിമേറ്റ് പ്രകാരം മുമ്പ് മെറ്റലിംഗ് ഉണ്ടായിരുന്നതും മെറ്റലിംഗ് പൂർണ്ണമായി തകർന്നതായി പറയുന്ന 725 മീ. നീളം വരുന്ന ഭാഗത്ത് റീമെറ്റലിംഗ് നടത്തുന്നതിന് പ്രാരംഭ മെറ്റലിംഗിന് നിശ്ചയിച്ചിട്ടുള്ള നിരക്കാണ് നൽകിയിരിക്കുന്നതെന്നും മുൻപ് ഉണ്ടായിരുന്നതും കുത്തിയിളക്കിയപ്പോൾ ലഭ്യമായത് കഴിച്ചുള്ള മെറ്റൽ മതിയെന്നിരിക്കെ മുഴുവൻ മെറ്റലും പുതുതായി വാങ്ങി സ്റ്റോക്ക് ചെയ്തുവെന്നും കാണിച്ച് ബിൽ തയ്യാറാക്കി പണം നൽകിയതിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പണി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയതിലും പിഴവ് സംഭവിച്ചതായും എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറും എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ ബ്ലോക്കുതല സാങ്കേതിക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതിയും എസ്റ്റിമേറ്റിൽ ഒപ്പ് രേഖപ്പെടുത്തിയ പത്തനംതിട്ട ഡി.ആർ.ഡി.എ. എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരുപോലെ ഉത്തരവാദികളാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ അധികമായി കൺവീനർക്ക് 49,269 രൂപ നൽകാനിടയായ സാഹചര്യം നീതീകരിക്കത്തക്കതല്ലെന്നും ആയത് നിരാകരിച്ച ഓഡിറ്റിന്റെ നടപടി ശരിയാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ലോക്കൽ ഫണ്ട് ഓഡിറ്റ് അധികാരികൾ മുമ്പാകെ നേരിട്ട് ഹാജരായി പ്രവൃത്തിക്ക് അധികം മെറ്റീരിയൽസ് ഉപയോഗിച്ചതിന് വിശദീകരണം നൽകിയെന്നും പ്രസ്തുത വിശദീകരണം തൃപ്തികരമാണെന്നും പരാമർശം തീർപ്പാക്കി ടിയാനെ ബാധ്യതയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നുമാണ് 30-7-2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.2159/സ്പെ.സെൽ ജി2/2012-ാം നമ്പർ കത്തിലൂടെ ശിപാർശ ചെയ്തിരിക്കുന്നത്. ഓഡിറ്റ് ഖണ്ഡികയിലെ ഓഡിറ്റിന്റെ നിഗമനത്തോട് തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് പത്തനംതിട്ട ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ യോജിപ്പ് പ്രകടിപ്പിക്കുകയും എന്നാൽ ഓഡിറ്റ് മുൻ നിലപാടിൽനിന്നും വ്യതിചലിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ എന്തടിസ്ഥാനത്തിലാണ് അസി. എഞ്ചിനീയറുടെ വിശദീകരണം തൃപ്തികരമാണെന്ന നിഗമനത്തിൽ പരാമർശം തീർപ്പാക്കാവുന്നതാണെന്ന് ശിപാർശ ചെയ്തതെന്നും പ്രസ്തുത വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പൂർണ്ണമായി തകർന്ന റോഡ് അറ്റകുറ്റപ്പണി എന്ന നിലയ്ക്ക് തുക നൽകിയതിനുശേഷം നിലവിലുള്ളത് കൊത്തിയിളക്കിയ പ്രവൃത്തിക്ക് കൂടി തുക നൽകിയത് ഉചിതമല്ലെന്നും എന്നാൽ അവയിലേതെങ്കിലുമൊന്നിന് അർഹതയുണ്ടെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ റോഡ് പൂർണ്ണമായി തകർന്നിരുന്നുവെങ്കിൽ ആയതിന് ചട്ടപ്രകാരമുള്ള തുക അനുവദിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ 49,269 രൂപ അധികമായി ചെലവുണ്ടായെന്ന ഓഡിറ്റ് ഖണ്ഡികയിലെ അഭിപ്രായത്തോട് പൂർണ്ണമായി സമിതി യോജിക്കുന്നില്ലെങ്കിലും ഈ പ്രവൃത്തിയിൽ ഒരു തുക നഷ്ടമുണ്ടായിട്ടുണ്ടെന്ന് കരുതുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ അനർഹമായി നൽകിയ തുകയെത്രയെന്ന് കണക്കാക്കി ആയത് ബന്ധപ്പെട്ട കൺവീനറിൽ നിന്നോ ടിയാനിൽ നിന്ന് ഈടാക്കുവാൻ സാധിക്കാത്തപക്ഷം അധിക തുക നൽകിയതിലൂടെ, നഷ്ടം വരുത്തിയതിനുത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്കുതല സാങ്കേതിക സമിതി, പത്തനംതിട്ട ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നോ പലിശ സഹിതം തുല്യമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 84 | റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | പഴവങ്ങാടി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ റാന്നി ഗ്രാമപഞ്ചായത്ത് എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്ന് തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. 2001-2002 വർഷത്തെ ഓഡിറ്റ് അദാലത്ത് നടന്നപ്പോൾ പലിശയുൾപ്പെടെ 1,04,783 രൂപ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന വിവരം ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത പരാമർശത്തിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | 89 | കവിയൂർ ഗ്രാമപഞ്ചായത്ത് | 2000-2001 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ കാലിത്തൊഴുത്ത് നിർമ്മാണത്തിനായുള്ള പദ്ധതിയിൽ ഗ്രാമസഭയിൽ നിന്നും ഗുണഭോക്താക്കളായി 80 പേരെ തെരഞ്ഞെടുത്തുവെങ്കിലും ധനസഹായം നൽകിയ 49 പേരിൽ 7 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. സമിതിയോഗം ആവശ്യപ്പെട്ടതിൻപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ധനസഹായം ലഭിച്ച 49-ൽ 42 പേരും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും, മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിലാണ് ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ കൂടാതെ 7 പേർക്കുകൂടി ആനുകൂല്യം നൽകിയതെന്നും ആയത് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണെന്നും വ്യക്തമാകുന്നു. ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തി പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നത് ഉചിതമായ നടപടിയല്ലെന്നും അത്തരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്ന നടപടി നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിക്കരുതെന്നും അങ്ങനെ ചെയ്യുന്നപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതായി വരുമെന്നും സമിതി ഓർമ്മിപ്പിക്കുന്നു. പരാമർശവിധേയമായ സംഗതിയിൽ മതിയായ ഗുണഭോക്താക്കളുടെ അഭാവത്തിൽ പദ്ധതിക്കായി മാറ്റിവച്ച തുകയിൽ നിന്നും പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണ് നൽകിയതെന്നത് മുൻനിർത്തി ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കരുതെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | 92 | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | 1997-1998 വർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ കെട്ടിട നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് നികുതി ഈടാക്കാഞ്ഞതിനാൽ 1997-1998 മുതൽ 2004-2005 വരെയുള്ള കാലയളവിൽ 1,00,476 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതായാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. ഓഡിറ്റ് നടക്കുന്ന സമയത്ത് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിരുന്നില്ലെന്നും ഓഡിറ്റ് റിപ്പോർട്ട് വരുന്നതിന് മുമ്പ് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നെന്നും ആയത് ഉദ്യോഗസ്ഥർക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയതാണ് പരാമർശത്തിന് കാരണമെന്നും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി. സമിതി നിർദ്ദേശ പ്രകാരം പരാമർശവിധേയമായ രജിസ്റ്ററുകൾ പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായി അറിയിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

# കൊടുമൺ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2005-06 | 9.1.i (പൊതു പരാമർശം) | | 2003–04 സാമ്പത്തികവർഷം കുടുംബശ്രീപദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിക്കിയിട്ടുള്ളതായി ഉത്തരവാദപ്പെട്ട കുടുംബശ്രീ ചാർജ്ജോഫീസർ അറിയിച്ച വിവരം ഗ്രാമപഞ്ചായത്തു സെക്രട്ടറി 17.11.08 ലെ സി–337/96 ാം നമ്പരായി ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| | | 14.1 | | പത്തനംതിട്ട ജില്ലാ കളക്ടറുടെ 27/3/02ലെ എഇ.12035/02 ഉത്തരവിൻ പ്രകാരം വരൾച്ചാ ദുരിതാശ്വാസ പദ്ധതിപ്രകാരം അനുവദിച്ച പ്രവൃത്തിയായിരുന്നു ഇത്.. ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സാങ്കേതികവിദഗ്ദ്ധരായ ഗവൺമെന്റ് എഞ്ചിനീയർമാരും, ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ടവരുമാണ്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കിയത് ജില്ലാപഞ്ചായത്ത് എം.ഐ. സബ്ഡിവിഷൻ എഞ്ചിനീയറാണെന്ന് ആഡിറ്റിൽ പരാമർശിച്ചിട്ടുമുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലമാണ് ടി തുക നഷ്ടമുണ്ടായതെന്നതിനാൽ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കു കയും, സാങ്കേതികാനുമതി നല്കുകയും ചെയ്ത ടി ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ട 26637/രൂപ ഗ്രാമപഞ്ചായത്തിൽ അടയ്ക്കണമെന്നാവശ്യപ്പെട്ട് 21.11.08 ലെ സി–337/08 ാം നമ്പരായി നോട്ടീസ് നൽകിയിട്ടുണ്ട്. |

൨.14.2

കൊടുമൺ ഗ്രാമപഞ്ചായത്തുവക ചന്ദനപ്പള്ളി കൊടുമൺ മാർക്കറ്റുകളിലെ മട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം 2003-04 വർഷത്തേക്ക് ലേലം ചെയ്തു നല്കിയപ്പോൾ ടി ലേലത്തിൽ പങ്കെടുത്തവർ വാശിയോടുകൂടി ലേലം വിളിച്ചതിനാൽ മുൻ വർഷമായ 2002-03ൽ നിന്നും ടി ലേല ഇനങ്ങളുടെ തുക 120550/- രൂപ എന്നുള്ളത് 265000/- രൂപയായി വർദ്ധിച്ചു. 2004-05 വർഷത്തേക്കുള്ള ആദ്യലേലം 28/2/2004ൽ നടന്ന ലേലത്തിൽ പങ്കെടുത്തവർ കുറഞ്ഞ തുകയ്ക്ക് ലേലംവിളിച്ചതിനാൽ പഞ്ചായത്തുകമ്മറ്റി അംഗീകരിച്ചില്ല. തുടർന്ന് 19/3/04ൽ നടന്ന പുനർലേലത്തിലും മുൻവർഷത്തെയത്രയും ലേലം വിളിക്കുവാൻ ആരും തയ്യാറായില്ല. തുടർന്ന് 25.3.04ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി സാഹചര്യം വിലയിരുത്തുകയും 2002-03ൽ വർഷത്തിന്റെ ഇരട്ടിയിലധികം തുകയ്ക്ക് 2003-04ൽ ലേലം പോകുവാനിടയായത് . പങ്കെടുത്തവർ വാശിയോടു കൂടി ലേലം വിളിച്ചതിനാലാണെന്നും, കൂട്ടേഷൻ വിളിച്ചാൽ ഇനിയും ലേലത്തുക കുടുകയില്ലെന്ന് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യമുള്ളതിനാൽ 19/3/2004ലെ പുനർലേലം അംഗീകരിച്ച് ടി യോഗത്തിലെ II(2) നമ്പരായി തീരുമാനിക്കുകയും ചെയ്തു.

ടി 2 ഇനങ്ങൾ 2001-02 മുതൽ 2004-05 വരെ വർഷങ്ങളിൽ ലേലം പോയതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2001-02 | 108000/- |
| 2002-03 | 120550/- |
| 2003-04 | 265000/- |
| 2004-05 | 183100/- |

2004-05ലെ ലേല തുക 2002-03നേക്കാൾ കൂടുതലാണ്. പഞ്ചായത്തിന്റെ 25/3/04ലെ II(2) നമ്പർ തീരുമാനത്തിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള സാഹചര്യമുണ്ടായതു കൊണ്ടാണ് 2003-04ൽ ലേലതുക ഉയർന്നത്. ആയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്ന തരത്തിൽ ബോധപൂർവ്വമായ ഒരു ശ്രമവും പഞ്ചായത്തിന്റെയോ, സെക്രട്ടറിയുടെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലാത്തതാണ്..

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിററ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിററ് റിപ്പോർട്ട് വർഷം | ഓഡിററ് ഖണ്ഡിക നമ്പർ | | ഓഡിററ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2005-06 | 2.9.1 (ii) (പൊതു പരാമർശം) | | കുടുംബ ശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതിന്റെ തുടർപ്രവർത്തന രേഖകൾ പരിശോധനയ്ക്ക് സജ്ജമാക്കിയിട്ടുള്ള വിവരം കുടുംബശ്രീ ചാർജ്ജാഫീസറായ വി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് സജ്ജമാണെന്നുള്ള വിവരം പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ 20/11/08ലെ സി1 – 121/08 നമ്പരായി അറിയിച്ചിട്ടുണ്ട്. |
| | | 2.10.1 | | 233 സി.എഫ്.ലാമ്പുകൾ സർക്കാർ അംഗീകൃത ഏജൻസിയായ സിഡ്കോയിൽ നിന്നും വാങ്ങിയതിൽ 213 എണ്ണം ഏഴംകുളം, കലഞ്ഞൂർ കെ.എസ്.ഇ.ബി. പരിധികളിലായി സ്ഥാപിക്കുകയും, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു. 'ഗ്രാമപഞ്ചായത്ത് 24/3/04 ലെ III(8) നമ്പർ തീരുമാന പ്രകാരം ബാക്കിയുള്ള 20 സി.എഫ്. വിളക്കുകൾ ഇൻസ്റ്റലേഷൻ ചാർജ് അടച്ച് പുതിയ പോയന്റുകളിൽ സ്ഥാപിക്കേണ്ടതില്ല എന്നും നിലവിലെ IV,VI വാർഡുകളിലെ തുണ്ടുവിള ജംഗ്ഷൻ, കെ.പി.റോഡ് ശാലേം പുരം, കോല്യാക്കോട്, ഉദയപുരിഭാഗം എന്നിവിടങ്ങളിൽ ഫ്ലൂറസെന്റ്ലാമ്പ്, ബൾബ് എന്നിവ കേടായിക്കിടന്ന പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു. ഈ പ്രദേശങ്ങളിലെ ബൾബ്, ട്യൂബ് എന്നിവ മഴയിലും, വൻമരങ്ങളിൽ നിന്ന് തുടർച്ചയായി വെള്ളം വീണും നശിച്ചു പോകുന്നതിനാൽ ഗ്ലാസ് കവറിംഗ് ഉള്ള ഈ സി.എഫ് ലാമ്പുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം ടി വിളക്കുകൾ ഇൻസ്റ്റലേഷൻ ചാർജ് അടയ്ക്കാതെ തന്നെ സ്ഥാപിച്ചിട്ടുണ്ട്. കേടായ സി. എഫ് വിളക്കുകൾ 2004/05 വർഷം നന്നാക്കി അസി: എഞ്ചിനീയറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം തുക നൽകിയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിൽ മനഃപൂർവമായ കാലതാമസം ഉണ്ടായിട്ടില്ലാത്തതാകുന്നു. |

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2005-06 | 11.1 | | കൺവീനറായ ശ്രീ. ബിജു സക്കറിയയിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് 12% പലിശസഹിതം തുക ഈടാക്കുന്നതിന് മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തു സെക്രട്ടറി 15/11/08-ലെ എ1– 442/05 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. |

മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2005-06 | 2,12.1 | | തൊഴിൽരഹിതവേതന വിതരണത്തിനായി 8/9/2000-ൽ തനതുഫണ്ടിൽ നിന്നും പിൻവലിച്ച 28800/- രൂപ 14/9/2000-ൽ ജില്ലാസഹകരണബാങ്കിന്റെ മല്ലപ്പള്ളി ശാഖയിലുള്ള പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ടി പണം തനതുഫണ്ട് ഇനത്തിലുള്ള പുതിയൊരു വരുമാനമല്ലാത്തതിനാൽ രസീത് എഴുതാതെയാണ് തിരിച്ചടച്ചത്. പഞ്ചായത്തിന് രസീതു പ്രകാരം ലഭിച്ച നികുതി-നികുതിയേതര വരുമാനമായി ലഭിച്ച 11549 രൂപയും ടി 28800 രൂപയുമുൾപ്പെടെയാണ് 14/9/2000-ൽ 40349 രൂപ ടി ബാങ്ക് അക്കൗണ്ടിൽ അടച്ചത്. |

## ആറന്മുള ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിററ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിററ് റിപ്പോർട്ട് വർഷം | ഓഡിററ് ഖണ്ഡിക നമ്പർ | | ഓഡിററ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2005-06 | 2.13.1 | | ജനറൽ പിഡി അക്കൗണ്ടിലെ 50000/- രൂപയുടെ ചെക്ക് മോഷണം പോയതു സംബന്ധിച്ച് പത്തനംതിട്ട വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ വി.സി 2/2003/പി.റ്റി.എ.നമ്പറായി അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റക്കാരനായി കണ്ടെത്തിയിട്ടുള്ള അന്നത്തെ പ്യൂൺ ശ്രീ. ഇ.കെ ഗോപാലകൃഷ്ണനെ പ്രോസിക്യൂട്ടുചെയ്യുന്നതിന് വിജിലൻസ്ഡയറക്ടർ അനുമതി ആവശ്യപ്പെട്ടപ്രകാരം 26/10/07-ലെ എ.വി.എസ് -6032/07-ാം നമ്പരായി ടിയാനെ പ്രോസിക്യൂട്ടു ചെയ്യുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. ടിയാൻ നിലവിൽ സസ്പെൻഷനിലാണ്.<br><br>10/9/2001ൽ തൊഴിൽരഹിത വേതന വിതരണത്തിനായി പരമാവധി 104880/- മാത്രം ആവശ്യമായിക്കെ 121200/- രൂപ പിൻവലിച്ചത് ക്രമവിരുദ്ധമായിരുന്നെന്ന് അന്വേഷണം നടത്തിയതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി അന്വേഷണറിപ്പോർട്ട് 16/12/08ാം തീയതിയിലെ എ1-659/08ാം നമ്പരായി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | | | | |
| | 2005-06 | 13.2 | | ശ്രീമതി.പി.വത്സല, ചുട്ടിപ്പാറ എന്നയാൾക്ക് തൊഴിൽ രഹിതവേതനവും വികലാംഗപെൻഷനും ഒരേ സമയത്തു നൽകുവാനിടയായത് ടി വിഷയങ്ങൾ രണ്ടു സെക്ഷനുകളിൽ കൈകാര്യം ചെയ്തിരുന്നതു കൊണ്ടും ആനുകൂല്യ വിതരണത്തിനായുള്ള ലിസ്റ്റുകളിൽ ടിയാളുടെ മേൽവിലാസത്തിൽ വ്യത്യാസമുണ്ടായിരുന്നതു കൊണ്ടുമാണ്. തദ്ദേസ്വയംഭരണ (പിഎ)വകുപ്പ് ഇതു സംബന്ധിച്ച് 1/3/06ലെ 45/പിഎ3/05 നമ്പരായി ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ ടിയാൾ 10/99മുതൽ 10/01വരെ രണ്ട് ആനുകൂല്യങ്ങൾ ഒരേസമയം കൈപ്പറ്റിയിട്ടുള്ളതിൽ ടികാലയളവിൽ അനർഹമായി തൊഴിൽരഹിതവേതനം ഇനത്തിൽ കൈപ്പറ്റിയിട്ടുള്ള തുക ടിയാന് വികലാംഗ പെൻഷൻ കുടിശിക ഇനത്തിൽ ലഭിക്കുവാനുള്ള തുകയിൽ നിന്നും ഈടാക്കി വികലാംഗയായ ടിയാൾക്ക് വികലാംഗപെൻഷൻ മാത്രം തുടർന്ന് നല്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 2/03 മുതൽ 3/06വരെയുള്ള വികലാംഗപെൻഷൻ കുടിശിക തുകയിൽ നിന്നും തൊഴിൽരഹിതവേതനഇനത്തിൽ അനർഹമായി കൈപ്പറ്റിയ 4420/-രൂപ 18.12.06 ലെ 832 നമ്പർ ചെലാൻ പ്രകാരം ചെങ്ങന്നൂർ സബ് ട്രഷറിയിൽ അടച്ചിട്ടുണ്ട്. |

## പ്രമാടം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികള്‍ ഉള്‍ക്കൊള്ളുന്ന ഓഡിററ് ന്യൂനതാ പരിഹാര പത്രിക

| ക്രമനമ്പര്‍ | സമാഹൃത ഓഡിററ് റിപ്പോര്‍ട്ട് വര്‍ഷം | ഓഡിററ് ഖണ്ഡിക നമ്പര്‍ | | ഓഡിററ് പരാമര്‍ശത്തിന്മേല്‍ സ്വീകരിച്ച നടപടികള്‍ |
|---|---|---|---|---|
| | 2005-06 | 2.15.1 | | ലോക്കല്‍ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വര്‍ഷത്തെ ഓഡിററ് സമാഹൃത റിപ്പോര്‍ട്ടില്‍ പ്രമാടം ഗ്രാമപഞ്ചായത്ത് 98-99 വര്‍ഷത്തേക്ക് വിവിധ അവകാശങ്ങള്‍ ലേലംചെയ്തതിന്റെ അടിസ്ഥാനത്തില്‍ ലേലം കൊണ്ട ആളുകള്‍ നിശ്ചിത ശതമാനത്തിലുള്ള മുദ്രപത്രത്തില്‍കരാര്‍ വയ്ക്കാത്തതിനാല്‍ സംസ്ഥാന സര്‍ക്കാരിന് ഉണ്ടായ നഷ്ടം 68859 രൂപ ഉത്തരവാദിയായ മുന്‍ സെക്രട്ടറിയും നിലവില്‍ കൊല്ലം ജില്ലയിലെ പെര്‍ഫോമന്‍സ് ഓഡിറ്റ് വിഭാഗത്തില്‍ ജോലി ചെയ്തു വരുന്നയാളുമായ ശ്രീ.ഷറഫുദ്ദീനില്‍ നിന്നും ഈടാക്കുന്നതിന് കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടര്‍ക്ക് 28/7/2008-ലെ സി-425/08 ാം നമ്പരായി കത്ത് നല്‍കിയിരുന്നു.<br>ശ്രീ ഷറഫുദ്ദീന്‍ പ്രമാടം ഗ്രാമപഞ്ചായത്തു സെക്രട്ടറിക്ക് സമര്‍പ്പിച്ച മറുപടിയില്‍ ടിയാന്‍ ആയതിന് ഉത്തരവാദിയല്ലെന്ന് പറഞ്ഞിരുന്നു. തുടര്‍ന്ന് പെര്‍ഫോമന്‍സ് ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയില്‍ 1997-98 വര്‍ഷത്തെ ലോക്കല്‍ ഫണ്ട് ഓഡിറ്റ് റിപ്പോര്‍ട്ടിലെ 4(2) ഖണ്ഡികയില്‍ 1998-99 വര്‍ഷത്തേക്ക് ലേലാവകാശങ്ങള്‍ ലേലം ചെയ്തതിന്റെ അടിസ്ഥാനത്തില്‍ ലേലം കൊണ്ട ആളുകള്‍ മുദ്രപത്രത്തില്‍ കരാര്‍ വയ്ക്കാത്തതിലുണ്ടായ നഷ്ടം എന്ന് രേഖപ്പെടുത്തിയതിലെ വര്‍ഷം 1997-98 ആണെന്നും 1998-99 എന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും, ടി ഓഡിറ്റ് റിപ്പോര്‍ട്ടില്‍ ഉത്തരവാദിയായ സെക്രട്ടറി ശ്രീ.ഷറഫുദ്ദീന്‍ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണെന്നും കണ്ടെത്തുകയുണ്ടായി. ടി തെറ്റുകള്‍ തിരുത്തുന്നതിന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടര്‍ 4.12.08 തീയതിയിലെ എ1-659/08 നമ്പരായി പത്തനംതിട്ട ലോക്കല്‍ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടര്‍ക്ക് കത്തു നല്‍കിയിട്ടുണ്ട്. |

M. UNNIKRISHNAN
Additional Secretary to Govt.
Local Self Govt Department
Govt. Secretariat

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ-സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ(2006-07)
[illegible] ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പട്ടിക

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2006-07 | സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.20.1 | | [illegible] ഗ്രാമപഞ്ചായത്തിലെ - ഇരുമ്പിനി തോടിനു കുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് 11,85,500/- രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുകയുണ്ടായി. 79 % അധിക നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.എ.എസ്.കുഞ്ഞന്റെ ടെണ്ടർ മാത്രമേ ലഭിച്ചിരുന്നുള്ളൂ എന്ന് രേഖയിൽ നിന്നും കാണുന്നു. 10.03.98 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം ശ്രീ.എ.എസ് കുഞ്ഞനുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, 49.5% അധിക നിരക്കിൽ നെഗോഷ്യേറ്റ് ചെയ്ത് ടിയാനെ വർക്ക് ഏൽപ്പിക്കുകയും, ടിയാൻ പഞ്ചായത്തുമായി കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുകയും ടിയാന് മെഷർമെന്റ് ബില്ല് പേയ്മെന്റ് നൽകുകയും ഉണ്ടായി.<br><br>എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത അധിക ഇനങ്ങൾ ചെയ്തതുവഴി 188824/- രൂപയുടെ അധിക പ്രവൃത്തി നടപടിക്രമങ്ങൾ പാലിക്കാതെ ശ്രീ. കെ.രാമനക്കുട്ടൻ നായർ സെക്രട്ടറിയായിരുന്ന കാലയളവിലാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദികളായ സെക്രട്ടറിമാരായ ശ്രീ. സച്ചിദാനന്ദൻ ആചാരി 30.06.2008 നും, ശ്രീ. കെ.രാമനക്കുട്ടൻ നായർ 30.11.2007 നും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാകുന്നു. ശ്രീ സച്ചിദാനന്ദൻ ആചാരിയ്ക്ക് ടി വിഷയുമായി ബന്ധപ്പെട്ട് 2.3.08 തിയതിയിലെ ഡി1.6-33796/06 നമ്പരായി പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ |

| | | | | |
|---|---|---|---|---|
| | | | | നൽകുകയും ടിയാൻ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. |

**ചിറ്റാർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിററ് ന്യൂനതാ പരിഹാര പട്ടിക**

| ക്രമ നമ്പർ | സമാഹൃത ഓഡിററ് റിപ്പോർട്ട് വർഷം | ഓഡിററ് ഖണ്ഡിക നമ്പർ | | ഓഡിററ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2006–07 | സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.21.1 | | ചിറ്റാർ ഗ്രാമപഞ്ചായത്തിലെ പടയണിപ്പാറ-കൊടുമുടി റോഡിന്റെ ഉദ്ധാരണ പ്രവൃത്തികളും റീടാറിംഗും 1992–93 വർഷത്തിൽ ജെ.ആർ.വൈ. ഫണ്ട് വിനിയോഗിച്ച് നടത്തിയിട്ടുണ്ട്. എന്നാൽ ടി റോഡിലെ മെറ്റൽ ഇളകി കാൽനടയാത്രക്കാർക്കുപോലും സഞ്ചരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാമസഭകളിലും വികസന സെമിനാറിലും ടി റോഡിന്റെ റീ ടാറിംഗ് നടത്തുന്നതിനുള്ള ആവശ്യം ശക്തമായതിന്റെ അടിസ്ഥാനത്തിൽ 2000–01 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ജെ.ജി.എസ്.വൈ. ഫണ്ട് വിനിയോഗിച്ച് ടി റോഡിന്റെ ഉദ്ധാരണ വേല ഏറ്റെടുക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചത്. പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റാന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 350008/–രൂപയുടെ എസ്റ്റിമേറ്റിന് ബ്ലോക്ക്തല സാങ്കേതിക വിദഗ്ധ സമിതി പരിശോധിച്ച് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ടി റോഡിന്റെ ഉദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പ്രധാനമായും എസ്റ്റിമേറ്റ് നിരക്കിലെ വ്യത്യാസം സംബന്ധിച്ചായതിനാൽ ആയതിനു ഉത്തരവാദി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറും, സാങ്കേതിക പരിശോധന നടത്തിയ ബ്ലോക്ക്തല സാങ്കേതിക വിദഗ്ധ സമിതിയുമാണ്.<br>എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരും, മേൽവിലാസവും, ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസും പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ടിയാന്റെ പേരും, മേൽവിലാസവും, ഇപ്പോൾ ജോലി ചെയ്യുന്ന ആഫീസ് വിവരവും നൽകുവാൻ ആവശ്യപ്പെട്ട് കൊണ്ട് 10.05.2010 ൽ എ.1743/10 നമ്പരായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

റാന്നി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിററ് ന്യൂനതാ പരിഹാര പത്രിക

| ക്രമനമ്പർ | സമാഹൃത ഓഡിററ് റിപ്പോർട്ട് വർഷം | ഓഡിററ് ഖണ്ഡിക നമ്പർ | | ഓഡിററ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| | 2006–07 | സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.22.1 | | റാന്നി ഗ്രാമപഞ്ചായത്തിന് പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ നിന്നും സ്ഥിരനിക്ഷേപം നടത്തുന്നതിനായി 21.03.2002 ൽ 592201 നമ്പർ ചെക്ക് പ്രകാരം 100000/–രൂപ പിൻവലിച്ചതായി കാണുന്നു എന്നാണ് ഓഡിറ്റ് പരാമർശത്തിലുള്ളത്. പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ 21.03.2002 ൽ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിലെ റാന്നി ബ്രാഞ്ചിൽ നിന്നും ടി തുക പിൻവലിച്ചതായി കാണാൻകഴിഞ്ഞില്ല. 592201 നമ്പർ ചെക്കോ ആ സീരിയലിലുള്ള ചെക്ക് ബുക്കോ ബാങ്കിൽ നിന്ന് പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിന്റെ തനതുഫണ്ടിന് വേറെ ബാങ്ക് അക്കൗണ്ട് ഇല്ലാത്തതും, ട്രഷറി വി.പി.എഫ്. അക്കൗണ്ടിൽ അന്നേ ദിവസം ഇടപാടുകൾ നടന്നിട്ടില്ലാത്തതും ആണ്. കൂടാതെ പഞ്ചായത്തിലെ പേയ്മെന്റ് രജിസ്റ്ററിൽ ഇങ്ങനെ ഒരു പിൻവലിയ്ക്കൽ രേഖപ്പെടുത്തിയിട്ടില്ല. റിപ്പോർട്ടിൽ പരാമർശിച്ച ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 2–12 റാന്നി പഞ്ചായത്തിൽ ലഭിച്ച 2001–02 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടതായി കാണുന്നില്ല.<br>ആയതിനാൽ റാന്നി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും 21.03.2002 ലെ 592201 നമ്പർ ചെക്ക് പ്രകാരം 100000/–രൂപ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപം ഇടുന്നതിലേക്കായി പിൻവലിച്ചിട്ടുണ്ടെന്നുള്ള ഓഡിറ്റ് പരാമർശം തെറ്റാണെന്ന് കാണുന്നു |

കവിയൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിററ് ന്യൂനതാ പരിഹാര പത്രിക

| ക്രമനമ്പർ | സമാഹൃത ഓഡിററ് റിപ്പോർട്ട് വർഷം | ഓഡിററ് ഖണ്ഡിക നമ്പർ | | ഓഡിററ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| // | 2006–07 | സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.23.1 | | കവിയൂർ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ 2000–01 വർഷം നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതിയായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകിയ 49 പേരും ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കളല്ല എന്ന ഓഡിറ്റ് പരാമർശം ശരിയല്ല. വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനിറ്റ്സ് പരിശോധിച്ചതിൽ ധനസഹായം ലഭിച്ച 49 പേരിൽ 42 പേരും ഗ്രാമ സഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളാണ്. ബാക്കി 7 പേരുൾപ്പടെ 49 ഗുണഭോക്താക്കളുടെയും ലിസ്റ്റ് പഞ്ചായത്ത്ഭരണ സമിതിയുടെ 29.01.2002 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. |

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| [redacted] ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| [redacted] | 2006–07 | സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.28.1 | | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തന്റെ 1997–98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പാര 2.1 ലെ പരാമർശ പ്രകാരം 1997–98 വർഷം കെട്ടിടനികുതിയിനത്തിൽ ഡിമാന്റ് പ്രകാരമുള്ള തുകയായ 12559.47 രൂപയും 1997 98 മുതൽ 2004–05 വരെയുള്ള തുകയായ 100476/–രൂപയിൽ 100296/– രൂപയും ഈടാക്കിയിട്ടുണ്ട്. ബാക്കി തുകയായ 180/– രൂപ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |

V. SOBHA
Additional Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.